// PRAVACHANA PRADEEPIKA
# പ്രവചന പ്രദീപിക
## PROPHETICAL ILLUMINATOR

| Vol. 57 | December 2020 | No. 4 |
|---|---|---|


**"ഭയപ്പെടേണ്ട! സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കുള്ള അടയാളമോ ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു"**

*(ലൂക്കോസ് 2:10-11)*


| വിഷയാനുക്രമണിക | ലേഖകർ | പുറം |
|---|---|---|
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ യേശുക്രിസ്തുവിന് രക്ഷിതാവിന്ന് വേണ്ടുന്ന യോഗ്യതകൾ | Y.E. | 6 |
| ❖ യേശുക്രിസ്തുവിന്റെ പുനരാഗമനം | Dr.Adv.M.V. | 8 |
| ❖ മുടിയിഴകൾ ഏഴകളാക്കിയ അനേകർ | D.E. | 9 |
| ❖ സോരിനെക്കുറിച്ചുള്ള പ്രവചനം | Y.S.R | 15 |
| ❖ യിസ്രായേൽ വാർത്തകൾ | P.S.Y. | 18 |


**ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ *J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695032, Kerala* എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും *പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം - 32* എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : *0471-2357439***

**വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ**
**ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും**
**തത്തുല്യരാജ്യങ്ങളും *(Air Mail)* 750 രൂപ.**
**അമേരിക്ക, കാനഡാ മുതലായവയ്ക്ക് *(Air Mail)* 750 രൂപ**

Chief Editor : **Dr. O.M. Samuel,** B.A., M.Div., ThD.
Publisher : **Y. Sam Raj,** B.A., B.Ed., M.Div.

**EDITORIAL BOARD**

1. K.A. Philip, B.A., B.Ed.
2. Dr. Adv. Mathew Vairamon, MS, LLM, M Div, ThD, PhD.
3. Evgst. Varghese Kurien
4. Dani Ezekiel, M.A. (Eng), M.th.

## പ്രസാധക കുറിപ്പുകൾ

### ക്രിസ്തുമസ് നവവത്സരാശംസകൾ

മാസികാവായനക്കാർക്ക് സമാധാനപൂർണ്ണമായ ക്രിസ്തുമസും അഭിവൃദ്ധികരമായ പുതുവൽസരവും ആശംസിച്ചുകൊള്ളുന്നു.

### കോവിഡ് 19 മഹാമാരി

ഇത് നമ്മുടെ ഇടയിൽനിന്നും ലോകത്തുനിന്നും പൂർണ്ണമായി മാറിപ്പോകുന്നതിന്നുവേണ്ടിയും ദൈവജനത്തിന് സ്വൈരമായി സഭയായി കൂടിവന്ന് ആരാധിക്കുന്നതിനും സുവിശേഷ പ്രവർത്തനങ്ങൾ അനുസ്യൂതം തുടരുന്നതിനുംവേണ്ടി പ്രാർത്ഥിക്കണം. ഈ ബാധയിലൂടെ ദൈവം തന്റെ ജനത്തിന്റെ കുറവുകളെയും പോരായ്മകളെയും പാപങ്ങളെയും ദുർമ്മാർഗ്ഗങ്ങളെയും ചൂണ്ടിക്കാണിക്കുകയാണ്.ദൈവജനം അനുതപിച്ചു പ്രാർത്ഥിച്ച് കണ്ണുനീരോടെ ദൈവത്തിങ്കലേയ്ക്ക് തിരിയേണ്ടതാണ്.

### ബൈബിൾ വ്യാഖ്യാനമാതൃക

കത്തൃദാസൻ ശ്രീ. വൈ. എസക്കിയേൽ സാർ രചിച്ച ബൈബിൾ വ്യാഖ്യാനമാതൃക എന്ന ലഘുഗ്രന്ഥം പുന:പ്രസിദ്ധീകരിച്ചു. വേദപുസ്തക പഠനവും നമ്മുടെ ആത്മീയ ശുശ്രൂഷകളും അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ സഹായകമായ ഗ്രന്ഥമാണ് ബൈബിൾ വ്യാഖ്യാനമാതൃക. പ്രസംഗവും ബൈബിൾ ക്ലാസിനുള്ള വിഷയങ്ങളും ഒരുക്കുവാൻ ശുശ്രൂഷകന്മാർക്ക് വളരെ പ്രയോജനകരമാണ്. വില 80 രൂപ. പോസ്റ്റേജ് പുറമെ.

**Bank A/c**

**ESTHER .J,**
**Central Bank of India**
**Kunnapuzha Branch, Trivandrum - 695032**
**A/c No. 1820364887, IFSC Code :CBIN 0283099**

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

നമ്മുടെ ഗവൺമെന്റ് കോവിഡ് പ്രതിരോധിക്കുവാൻ സർവ്വസന്നാഹങ്ങളോടും കൂടെ പൊരുതുകയാണ്. നമ്മുടെ കടമ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും-സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, സാനിറ്റൈസറോ സോപ്പോ ഉപയോഗിച്ചു കൈകഴുകുക, നിരത്തുകളിൽ തുപ്പാതിരിക്കുക-ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും പക്ഷവാദം ചെയ്യുകയും വേണ്ടതാണ്.

### പുന:പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

വൈ. എസക്കിയേൽ സാർ എഴുതിയ **രക്ഷയുടെ ഭദ്രത** എന്ന പുസ്തകം പുനഃപ്രസിദ്ധീകരിച്ചു. രക്ഷിക്കപ്പെടുന്ന ഓരോ ദൈവപൈതലിന്റെയും രക്ഷ എത്ര ഭദ്രമായിരിക്കുന്നു എന്നു പ്രതിപാദിക്കുന്ന ഒരു ഉത്തമ ഗ്രന്ഥം. വില 100 രൂപ.

**പരിശുദ്ധാത്മാവ്:** ഈ പുസ്തകവും പുന:പ്രസിദ്ധീകരിച്ചു. എസക്കിയേൽ സാറിന്റെ മാസ്റ്റർ പീസ് പുസ്തകങ്ങളിൽ ഒന്നാണ് ഇത്. 306 പേജുള്ള ഈ പുസ്തകത്തിന് വില 400 രൂപ.

പുനഃപ്രസിദ്ധീകരിക്കാൻ കഴിയാതിരിക്കുന്ന പുസ്തകം സത്യരക്ഷാ പ്രബോധിനി. ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ദൈവമക്കൾ പ്രാർത്ഥിക്കുക. സഹകരിക്കുക. 3 ലക്ഷത്തോളം രൂപ ഇതിനു ചിലവുവരും

### മഞ്ഞാലുംമൂട് ബ്രദറൺ കൺവെൻഷൻ

പതിവുപോലെ മഞ്ഞാലുംമൂടും പരിസരത്തുമുള്ള ബ്രദറൺസഭകൾ ചേർന്നു നടത്തുന്ന ജനറൽ കൺവൻഷൻ ഡിസംബർ 10-13 വരെ അനുഗ്രഹകരമായി നടന്നു. സുവിശേഷകന്മാരായ ഇട്ടി വർഗ്ഗീസ്, റ്റി.പി. കനകരാജ്, ഡാനി എസക്കിയേൽ എന്നിവർ വചനം ശുശ്രൂഷിച്ചു. സഭകളുടെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.

സഭകൾക്കുവേണ്ടി
സഹോ. ബാബു പി. ഹെൻട്രി
സഹോ. ബാബു, മഞ്ഞാലുംമൂട്

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 57 December 2020 No.4


## പത്രാധിപ ലേഖനം

## ക്രിസ്തുമസ്സ് പ്രവചനങ്ങൾ – യേശുക്രിസ്തുവിന്റെ സാക്ഷ്യ പത്രങ്ങൾ – 4

ക്രിസ്തുമസ്സ് യേശുക്രിസ്തുവിന്റെ ജനനമാണ്. ആ ജനനം മനുഷ്യരാശിക്കുവേണ്ടി ആയിരുന്നു. അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്ന് യേശു എന്ന് പേർ ഇടേണം (മത്താ. 1:21) എന്ന് ദൂതൻ അരുളപ്പാടു കൊടുത്തു. അവന്റെ ജനനം ഒരു അത്ഭുതമാണ് - പുരുഷന് (ജഡത്തിന്) പങ്കില്ലാത്ത ജനനം. ആ അർത്ഥത്തിൽ 'ആത്മീയ ജനനം' ആണ്. അതായത് "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" (ലൂക്കോ. 1:35) എന്നാണ്. പുരുഷനെ അറിയാത്ത താൻ എങ്ങനെ ഗർഭം ധരിച്ച് പ്രസവിക്കും എന്ന മറിയയുടെ നിഷ്ക്കളങ്ക ചോദ്യത്തിന് ദൈവദൂതൻ നല്കുന്ന മറുപടി.

യേശുക്രിസ്തുവിന്റെ ജനനം അത്ഭുതം മാത്രമല്ല അത് രക്ഷാകരവും പാപമോചനപരവും ആണ്. അതുകൊണ്ടാണ് ലൂക്കോസ് പറയുന്നത്: "ഭയപ്പെടേണ്ടാ സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം" എന്ന് (ലൂക്കോ. 2:10). മനുഷ്യന്റെ സന്തോഷം നഷ്ടപ്പെട്ടതും അവൻ ഭയത്തിന് അടിമയായിത്തീർന്നതും പാപം ചെയ്തപ്പോൾ ആണ്. നീ എവിടെ എന്ന് ദൈവം ചോദിച്ചപ്പോൾ ആദാം പറഞ്ഞത് ഞാൻ ഭയപ്പെട്ട് ഒളിച്ചു എന്നാണ് (ഉല്പ. 3:10 -11). പാപം ചെയ്ത് നഗ്നരായി വൃക്ഷയിലകൊണ്ട് നഗ്നത മറച്ച് വൃക്ഷച്ചുവട്ടിൽ ഒളിച്ച ആദാമിന്റെ തലമുറകളോട് ദൈവദൂതൻ പറഞ്ഞത് "ഭയപ്പെടേണ്ട എന്നാണ്" കാരണം മനുഷ്യൻ ചെയ്ത പാപത്തിന്റെ കെടുതികൾക്ക് പ്രായശ്ചിത്തം ചെയ്വാനാണ് യേശുക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിച്ചത്.

യേശുക്രിസ്തുവിന്റെ ജനനം ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പേ പ്രവചിക്കപ്പെട്ടതാണ്. ജനനം മാത്രമല്ല യേശുക്രിസ്തു ആരിൽനിന്ന് ജനിക്കും, എവിടെ ജനിക്കും, എങ്ങനെ പ്രവർത്തിക്കും, എങ്ങനെ മരിക്കും, മരിച്ചു കഴിഞ്ഞാൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പ് എന്നിത്യാദി കാര്യങ്ങൾ പ്രവചിക്കപ്പെട്ടവയാണ്. പ്രവചനങ്ങൾ യേശുക്രിസ്തുവിന്റെ സാക്ഷിപത്രങ്ങൾ അത്രേ. വേദപുസ്തകത്തിന്റെ ഒരു വലിയ പ്രത്യേകത ഗണിതശാസ്ത്രം കൃത്യതയോടെ നിറവേറ്റപ്പെട്ട പ്രവചനങ്ങളാണ്. അതുകൊണ്ട് യേശുക്രിസ്തുവിന്റെ ജനനത്തെ സംബന്ധിക്കുന്ന ചില പ്രവചനങ്ങൾ നോക്കാം:

ഉല്പത്തി 3:15 ആണ് യേശുക്രിസ്തുവിനെ സംബന്ധിച്ച വ്യക്തമായ ആദ്യത്തെ പ്രവചനം. ആദാമിനെയും ഹവ്വയെയും ചതിച്ചും പ്രലോഭിപ്പിച്ചും പാപം ചെയ്യിച്ച സാത്താനുള്ള ശിക്ഷാവിധി പ്രഖ്യാപിക്കുന്നു. ദൈവം പ്രസ്താവിച്ചതാണ് ആ വചനങ്ങൾ "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും" (ഉല്പ.3:15). ഈ വാക്യത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തെയും യേശുക്രിസ്തുവിന്റെ പ്രതിപകര മരണത്തെയും (vicarious) സൂചിപ്പിക്കുന്നു.

യേശുക്രിസ്തു 'സ്ത്രീയുടെ സന്തതി' ആയിരിക്കുമെന്നും ആ സന്തതി സാത്താന്റെ തലതകർക്കുമെന്നും സാത്താൻ യേശുക്രിസ്തുവിന്റെ കുതികാൽ തകർക്കും എന്നുമാണ് പ്രവചനം. ഹവ്വ ഈ പ്രവചനം കേട്ടപ്പോൾ സാത്താന്റെ തലയെ തകർക്കുന്ന കുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ താനാണെന്നും ആ കുഞ്ഞ് തന്റെ ആദ്യജാതൻ 'കയീൻ' ആണെന്നും അവൾ തെറ്റിദ്ധരിച്ചു. ഉല്പത്തി 4:1. എബ്രായ ഭാഷയിൽ "എനിക്ക് ഒരു പുരുഷനെ (man) കിട്ടി - അതെ യഹോവയെ തന്നെ" എന്നാണ് 'കയീൻ' എന്ന പേരിന്റെ അർത്ഥം. പാവം! ഹവ്വ. ഒരു രക്ഷകൻ അവളിലൂടെ പിറക്കുമെന്നും അവൾക്ക് പിറന്ന കയീൻ ആ കുഞ്ഞാണെന്നും തന്നെ തോല്പിച്ചു കളഞ്ഞ പിശാചിനെ തനിക്കു പിറന്ന കുഞ്ഞ് (കയീൻ) തോല്പിച്ച് മനുഷ്യകുലത്തിന് രക്ഷ വരുത്തുമെന്നും ആണ് ഹവ്വ വിശ്വസിച്ച് മുൻപിൻ നോക്കാതെ ആഹ്ളാദിച്ചു പോയത്.

'സ്ത്രീയുടെ സന്തതി (Seed)', 'പുരുഷൻ' ഈ വാക്കുകൾക്ക് വലിയ അർത്ഥവ്യാപ്തിയുണ്ട്. "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി (സ്ത്രീയുടെ സന്തതിയായി) ലോകത്തിലേയ്ക്ക് അയച്ചു (ഗലാ. 4:4-5). "ദൈവം നിങ്ങൾക്ക് കാണിച്ചു തന്ന '<u>പുരുഷനായി</u>' നസ്രായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു" (അപ്പോ.പ്രവൃ. 2:22-24). ഈ "പുരുഷ" നത്രേ 'സ്ത്രീയുടെ സന്തതി'. അല്ലാതെ ഹവ്വ തെറ്റിദ്ധരിച്ചതുപോലെ അവളുടെ സന്തതിയായ കയീൻ അല്ല.

ദൈവം ക്രമേണ ആണ് സ്ത്രീയുടെ സന്തതിയുടെ ലക്ഷണങ്ങൾ വെളിപ്പെടുത്തിയത്. നോഹയുടെ കാലത്ത് ജലപ്രളായനന്തരം നോഹ തന്റെ മക്കളെ അനുഗ്രഹിക്കുമ്പോൾ ശേമിന് കൊടുത്ത അനുഗ്രഹം വളരെ വലിയതാണ്. "ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ; കനാൻ (ഹാമിന്റെ മകൻ) അവരുടെ ദാസനാകും. ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ (അവൻ) ശേമിന്റെ കൂടാരങ്ങളിൽ വസിക്കും, കനാൻ അവരുടെ ദാസനാകും എന്നും അവൻ പറഞ്ഞു. (ഉല്പത്തി 9:26-27). King James Version ൽ കാണുന്ന he (അവൻ) എന്ന വാക്കിന് തത്തുല്യമായ ഒരു വാക്ക് എബ്രായ ഭാഷയിൽ കാണുന്നില്ല. 'Blessed be the Lord God of shem, ........ God shall enlarge Japheth, and <u>he</u> shall dwell in the tents of shem" (ഉല്പ. 9:26-27) ഈ വാക്യത്തിൽ (V:27) കാണുന്ന he (അവൻ) എന്ന വാക്ക് എബ്രായ ഭാഷയിൽ ഇല്ല. എബ്രായഭാഷയിൽ ഉള്ളതുപോലെ പരിഭാഷപ്പെടുത്തിയാൽ "God will enlarge Japheth, and will dwell in the tents of shem". "ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കുകയും ശേമിന്റെ കൂടാരങ്ങളിൽ പാർക്കുകയും ചെയ്യട്ടെ" എന്നാണ്. ഈ വാക്യത്തെ ഓങ്കലോസ് എന്ന റബ്ബി പരാവർത്തനം ചെയ്യുന്നത് "ദൈവത്തിന്റെ തേജസ്സ് ശേമിന്റെ കൂടാരങ്ങളിൽ വസിക്കുമാറാകട്ടെ" എന്നാണ്. യോഹന്നാൻ സുവിശേഷകൻ അത് കുറച്ചുകൂടെ വ്യക്തമാക്കുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു" (യോഹ.1:1). ആ "വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ (ശേമ്യരുടെ) ഇടയിൽ പാർത്തു" (യോഹ. 1:14). യഹൂദനായ യോഹന്നാൻ 'നമ്മുടെ' ഇടയിൽ പാർത്തു എന്നു പറയുമ്പോൾ യഹൂദരുടെ ഇടയിൽ പാർത്തു എന്നർത്ഥം. ശേമ്യ സന്തതിയാണല്ലോ യഹൂദൻ. "ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ" എന്നു പറയുമ്പോൾ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള ആളുകൾ ..... യൂറോപ്യന്മാരാണ്. ഇവർ യാഫേത്തിന്റെ സന്താനങ്ങളാണ്. ദൈവം അല്ലെങ്കിൽ ദൈവത്തിന്റെ തേജസ്സ് ശേമിന്റെ കൂടാരങ്ങളിൽ വസിക്കട്ടെ എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത് യേശുക്രിസ്തു യഹൂദജാതിയിൽ നിന്നും വന്നു എന്നാണ്". അവൻ (യേശുക്രിസ്തു) അവന്റെ (ദൈവത്തിന്റെ) തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും .... (എബ്രാ. 1:3) എന്നു പറഞ്ഞിരിക്കുന്നു. അങ്ങനെ യേശുക്രിസ്തു സ്ത്രീയുടെസന്തതി എന്നുമാത്രമല്ല യഹൂദജാതിയിൽ (ശേമ്യസന്തതി) പിറക്കുന്നവനും ആയിരിക്കുമെന്ന് ദൈവാത്മാവ് മഹത്തായ ഈ പ്രവചനംവഴി വ്യക്തമാക്കുന്നു.

അനേകജാതികളെ ഒഴിവാക്കിക്കൊണ്ട് ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്ത് അനുഗ്രഹിച്ച് അവനോട് പറഞ്ഞത് "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പത്തി 22:18). ഈ വാക്യത്തിന്റെ അർത്ഥം പൗലൂസ് വ്യാഖ്യാനിക്കുന്നതു ശ്രദ്ധിക്കുക: "എന്നാൽ അബ്രാ

ഹാമിന്നും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്ക് എന്ന് അനേകരെക്കുറിച്ചല്ല നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രേ പറയുന്നത്; അതുക്രിസ്തുതന്നേ (ഗലാ. 3:16).

അബ്രഹാമിന്ന് അനേക സന്താനങ്ങൾ ഉണ്ടായിരിക്കെ സന്തതിയെകുറിച്ചുള്ള വാഗ്ദത്തം യിസ്ഹാക്കിനോടുമാത്രം ദൈവം ഉറപ്പിക്കുന്നു. "യിസ്ഹാക്കിൽ നിന്നുള്ളവരല്ലോ നിന്റെ സാക്ഷാൽ സന്തതി എന്ന് വിളിക്കപ്പെടുന്നത് (ഉല്പത്തി. 21:12) (ഉല്പത്തി 17:19). യിസ്ഹാക്കിന് രണ്ട് സന്താനങ്ങളുണ്ടായിരിക്കേ യാക്കോബിനെ (യിസ്രായേൽ) ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ച്" ".... നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും....." (ഉല്പത്തി. 28:14). ഇവിടെയെല്ലാം സന്തതി എന്ന് പറയുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ്. ബിലയാമിന്റെ പ്രവചനവും ഏറ്റവും വിശേഷമത്രേ. "യിസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും.... യാക്കോബിൽ നിന്ന് ഒരുത്തൻ ഭരിക്കും..." (സംഖ്യ.24:17,19). "യാക്കോബ് തന്റെ പുത്രന്മാരെ അനുഗ്രഹിക്കുമ്പോൾ യാക്കോബിന്റെ പുത്രനായ യഹൂദയെ അനുഗ്രഹിക്കുന്നതുനോക്കുക: അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യെഹൂദയിൽ നിന്നും രാജദണ്ഡു അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല; ജാതികളുടെ അനുസരണം അവനോടു ആകും" (ഉല്പ. 49:10). അബ്രഹാമിൽ നിന്നും 'സന്തതി' അനുഗ്രഹം യിസ്ഹാക്കിലേക്കും, യിസ്ഹാക്കിൽ നിന്ന് യാക്കോബിലേയ്ക്കും യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ യഹൂദയിലേയ്ക്കും വരുന്നതു നോക്കുക. യെഹൂദ രാജഗോത്രവും ആയി.

യെഹൂദയിൽ നിന്ന് ദൈവം ദാവീദിനെ തിരഞ്ഞെടുത്തു. ദാവീദിനും അവന്റെ പരമ്പരകൾക്കും 'സന്തതി' അനുഗ്രഹം ദൈവം ഉറപ്പിച്ചു കൊടുക്കുന്നു (2 ശമു.7:12-13; 1 ദിനവൃ.17:11,14; സങ്കീ. 89:35-37; യിരെ. 23:5-6) വായിച്ചു നോക്കുക. "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തു" എന്ന് പുതിയനിയമത്തിൽ മത്തായിയും രേഖപ്പെടുത്തുന്നു. അങ്ങനെ ദാവീദിന്റെ വംശത്തിൽ നിന്ന് ദൈവം വാഗ്ദത്തം ചെയ്ത 'സ്ത്രീയുടെ സന്തതി' ആയ യേശുക്രിസ്തു എന്ന രക്ഷകൻ വരും എന്ന് ഉറപ്പായി. യേശുക്രിസ്തുവിന്റെ വംശാവലി പറഞ്ഞുവരുമ്പോൾ ഓരോരുത്തരെ ജനിപ്പിച്ചു ജനിപ്പിച്ചു എന്നു പറഞ്ഞുവന്നിട്ട് "യാക്കോബ് മറിയയുടെ ഭർത്താവായ യോസേഫിനെ ജനിപ്പിച്ചു. അവളിൽ (മറിയയിൽ) നിന്ന് ക്രിസ്തു എന്നുപേരുള്ള യേശു ജനിച്ചു" എന്ന് രേഖപ്പെടുത്തുന്നു (മത്താ.1:16).

'യേശുക്രിസ്തു സ്ത്രീയുടെ സന്തതി' എന്നാണല്ലോ പ്രവചനം (ഉല്പ.3:15). ആ 'സ്ത്രീ' ശേമിന്റെയും അബ്രഹാമിന്റെയും യേഹൂദയുടെ കുലത്തിൽപ്പെട്ടവളും ദാവീദിന്റെ രാജവംശത്തിൽ പിറന്നവളും ആയിരിക്കുമെന്ന് ദൈവം വെളിപ്പെടുത്തി. ആ സ്ത്രീ കന്യകയായിരിക്കുമെന്ന് യെശയ്യാവ് പ്രവചിച്ചു: "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന്നു ഇമ്മാനുവേൽ എന്ന് പേർ വിളിക്കും" (യെശ. 7:14-15). യേശുക്രിസ്തുവിനെ പ്രസവിച്ച മറിയ എന്ന സ്ത്രീ പുരുഷനെ അറിയാത്ത കന്യക ആയിരുന്നു എന്ന് മറിയ ഏറ്റു പറയുന്നു; ദൈവദൂതൻ അത് സമ്മതിക്കുന്നു. "മറിയ ദൂതനോട് ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് പറഞ്ഞു" (ലൂക്കോ. 1:34). ഈ പരാമർശം ദൂതൻ നിഷേധിക്കാതെ പുരുഷനെ അറിയാത്ത സ്ത്രീ (കന്യക) എങ്ങനെ ഗർഭം ധരിക്കുമെന്ന് വിശദീകരിക്കുന്നു. "അതിന്ന് ദൂതൻ: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും (ലൂക്കോ. 1:35). മറിയയ്ക്ക് വിവാഹനിശ്ചയം ചെയ്തിരുന്ന യോസേഫ് താനറിയാതെ തന്റെ പ്രതിശ്രുതവധു മറിയ ഗർഭിണി ആയി എന്ന് അറിഞ്ഞപ്പോൾ അവളെ വിവാഹമോചനം ചെയ്യാൻ ചിന്തിച്ചപ്പോൾ ദൈവദൂതൻ ഇടപെട്ട് പറയുന്നു "ദാവീദിന്റെ മകനായ യോസേഫേ നിന്റെ ഭാര്യയായ മറിയയെ ചേർത്തു കൊൾവാൻ ശങ്കിക്കേണ്ടാ; അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്ന് യേശു എന്നു പേർ ഇടേണം എന്ന് പറഞ്ഞു (മത്താ. 1:21).

പുരുഷനെ അറിയാതെ സ്ത്രീ പ്രസവിക്കുന്നത് ദേശത്ത് ഒരു പുതുമ ആയിരിക്കുമെന്ന് യിരമ്യാവ് പറയുന്നു: "യഹോവ ദേശത്തു ഒരു പുതുമ സൃഷ്ടിക്കുന്നു. സ്ത്രീ പുരുഷനെ ചുറ്റി പരിപാലിക്കും" (യിരെ. 31:22). "അതുകൊണ്ട് പ്രസവിക്കുവാനുള്ളവൾ പ്രസവിക്കുവോളം" (മീഖാ. 5:3) എന്നു നാം വായിക്കു

# യേശുക്രിസ്തുവിന് രക്ഷിതാവിന്ന് വേണ്ടുന്ന യോഗ്യതകൾ

വൈ. എസക്കിയേൽ

I

## ക്രിസ്തുവിന്റെ നിഷ്പാപാവസ്ഥ

മനുഷ്യർ എല്ലാവരും പാപികളാണ്. പാപിയായ മനുഷ്യന് പാപിയെ ഉദ്ധരിക്കുവാൻ സാദ്ധ്യമല്ല. ആകയാൽ പാപമില്ലാത്ത ഒരുവനാണു പാപിയെ ഉദ്ധരിക്കേണ്ടത്. ക്രിസ്തുവിൽ പാപം കാണ്മാൻ ആർക്കും സാദ്ധ്യമല്ല. തനിക്കു ജന്മപാപമില്ല. താൻ കന്യകയിൽ നിന്നു ജനിച്ചു. മത്താ. 1:18,25; ലൂക്കോ. 1:27; യെശ.7:14. പുരുഷസമ്പർക്കവും ഇഷ്ടവും കൂടാതെ - പുരുഷസന്തതിയാകാതെ - താൻ ജനിച്ചു. സ്ത്രീ തന്റെ ജനനത്തിന്നുപകരണമായ് ഭവിച്ചതിനാൽ താൻ സ്ത്രീയുടെ സന്തതി എന്നു വിളിക്കപ്പെടുന്നു. എന്നാൽ തന്റെ ജഡം അഥവാ അതിന്റെ വിത്ത് (Substance) അനാദിയായി വചനമായിരുന്ന ദൈവം തന്നെയായിരുന്നു. “ആദിയിൽ തന്നെ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവം തന്നെ ആയിരുന്നു. വചനം ജഡമായി ത്തീർന്നു” (യോഹ. 1:1-3,14) എന്നാണല്ലോ കാണുന്നത്. ജനനകാരണം (Cause) പരിശുദ്ധാത്മാവും ദൈവശക്തിയുമായിരുന്നു. ലൂക്കോ. 1:35,36. അങ്ങനെ, അവന്റെ ജനനം നിസ്തുല്യമായി, പാപരഹിതമായി ജന്മപാപമില്ലാത്തതായിത്തന്നെ ഇരുന്നു. അങ്ങനെ, താൻ പാപരഹിതനായ പൂർണ്ണമനുഷ്യനായി, മനുഷ്യരക്ഷകനുള്ള യോഗ്യത തികഞ്ഞവനായിരിക്കുന്നു.

ന്നു. ആരുടെ പ്രസവ ഫലവും സാത്താന്റെ തലയെ തകർക്കുന്ന ‘സ്ത്രീയുടെ സന്തതി’ ആകയില്ല; അതിന് ദൈവം നിശ്ചയിച്ച കന്യകയായ സ്ത്രീയുണ്ട്. അവൾ ‘പുരുഷനെ’ ചുറ്റി പരിപാലിക്കുന്നവളാണ്. അവൾ ദൈവം വേർതിരിച്ച് കാണിച്ചുകൊടുത്ത ‘പുരുഷനെ’ പ്രസവിക്കുന്ന കന്യകയായിരിക്കും. ആ ‘പുരുഷൻ’ ഹവ്വ തെറ്റിദ്ധരിച്ചതുപോലെ അവൾ പ്രസവിച്ച് കയീൻ എന്ന് പേരിട്ട പുത്രൻ അല്ല പ്രത്യുത അനേക നൂറ്റാണ്ടുകളിലൂടെ ദൈവം ഭാഗംഭാഗമായും വിവിധമായിട്ടും പ്രവാചകന്മാർ മുഖേന വെളിപ്പെടുത്തിയ യെഹൂദാഗോത്രത്തിലെ ദാവീദിന്റെ സന്തതിയായ മറിയ എന്ന കന്യക പ്രസവിച്ച ദൈവപുത്രനായ യേശുക്രിസ്തുവാണെന്ന് നിസ്തർക്കം തെളിയുന്നു. കാലസമ്പൂർണ്ണത വന്നപ്പോഴാണ് ദൈവം തന്റെ സന്തതിയെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി നമ്മെ - പാപികളായ നമ്മെ - വിലയ്ക്ക് വാങ്ങാൻ നിയോഗിച്ചയച്ചത്.

അതുകൊണ്ടാണ് ക്രിസ്തുമസ്സ് രാത്രിയിൽ ദൂതൻ വിളിച്ചു പറഞ്ഞത് “ഭയപ്പെടേണ്ട സർവ്വജനത്തിനുമുണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു (ലൂക്കോ. 2:10-11).

എത്രയോ ‘പ്രവചന ശീലകൾ’ ചുറ്റി കിടക്കുന്ന സ്ത്രീയുടെ സന്തതി കാൽവറി ക്രൂശിൽ പ്രതികൂലമായിരുന്ന കയ്യെഴുത്തുമായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്ന് നീക്കിക്കളഞ്ഞു. വാഴ്ചകളെയും അധികാരങ്ങളെയും (സാത്താനെ) ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി (കൊലോ. 2:14) - അതെ, സ്ത്രീയുടെ സന്തതി സാത്താന്റെ തല തകർത്തു ‘ജീവപര്യന്തം’ അടിമകളാക്കിയിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രാ. 2:15).

അതുകൊണ്ട് സ്നേഹിതാ, ഈ യേശുക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ രക്ഷിതാവും കർത്താവും ആയി സ്വീകരിച്ച് മരണഭീതിമാറിയവരായി ക്രിസ്തുമസ്സിനെ സാർത്ഥകമാക്കാം. ബാഹ്യമായ താല്കാലികമായ ആഘോഷത്തിമർപ്പല്ല, ക്രിസ്തുനല്കുന്ന പാപമോചനത്താൽ ലഭിക്കുന്ന ആന്തരികമായ സമാധാനവും സന്തോഷവും ലഭിക്കുവാൻ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചു പ്രതിഷ്ഠിക്കുക. ക്രിസ്തു നിങ്ങളിൽ ജനിക്കട്ടെ! അതാണ് യഥാർത്ഥ ക്രിസ്തുമസ്സ്. ❖

Y.S.R.

തന്റെ ജീവിതത്തിൽ യാതൊരു കുറ്റവും ആർക്കും പറയുവാൻ ഇല്ലായിരുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." എന്ന സാക്ഷ്യം പിതാവായ ദൈവം നൽകി. മത്താ. 17:5. അവന്റെ ചുറ്റും നിന്ന് അവനിൽ കുറ്റം കണ്ടു പിടിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ജനത്തോട് "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു?" (യോഹന്നാൻ 8:46) എന്നു ചോദിച്ചപ്പോൾ ഉത്തരം പറയുവാനോ എന്തെങ്കിലും കുറ്റം ചുമത്തുവാനോ ആർക്കും കഴിഞ്ഞില്ല. അവന്റെ ശിഷ്യന്മാർ യാതൊരു കുറ്റവും അവനിൽ കണ്ടില്ല. അവർ എപ്പോഴും അവനോടുകൂടെ ജീവിച്ചവരാണ്. പിശാചുക്കൾക്കും അവനെ കുറ്റം പറയുവാൻ ഇല്ലായിരുന്നു. "നീ ദൈവത്തിന്റെ പരിശുദ്ധൻ" (മർ.1:24) എന്ന് അവ ഏറ്റു പറഞ്ഞു. കൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാരും അവനെ കുറ്റം പറഞ്ഞില്ല. 'കള്ളനു കള്ളനെ അറിയാം' എന്നു പറയാറുണ്ടല്ലോ. എന്തെങ്കിലും തെറ്റുണ്ടായിരുന്നു എങ്കിൽ അവർ അറിയുമായിരുന്നു. "ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല" എന്ന് അവരിൽ ഒരുവൻ സാക്ഷിച്ചു. ലൂ.23:41. കാണിച്ചുകൊടുത്ത യൂദാ 'ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ' (മത്താ. 27:4) എന്നാണു പറഞ്ഞത്. അവനെ വിസ്തരിച്ച പീലാത്തോസ് "ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല" എന്നു വ്യക്തമായും പരസ്യമായും പ്രസ്താവിച്ചു. യോഹ. 19:4,6. പീലാത്തോസിന്റെ ഭാര്യയും "ആ നീതിമാൻ" എന്നു പറഞ്ഞു (മത്താ. 27:19).

ദൈവമോ, പിശാചുക്കളോ, മനുഷ്യനോ കുറ്റം കാണിക്കുവാൻ സാധിക്കാത്ത നിസ്തുല്യ പുരുഷനായി -ജീവിതത്തിൽ അശുദ്ധിയില്ലാത്തവനായി-രക്ഷിതാവിന്റെ യോഗ്യതകൾ തികഞ്ഞവനായി അവൻ ഇരിക്കുന്നു. അവന്റെ ഈ നിഷ്പാപാവസ്ഥയെക്കുറിച്ചു മൂന്നു പ്രസ്താവനകൾ കാണുന്നു. "പാപം അറിയാത്തവൻ" 2 കൊരി. 5:21; "പാപം ചെയ്തിട്ടില്ല". 1 പത്രോ. 2:22; "അവനിൽ പാപം ഇല്ല". 1 യോഹ. 3:5. ഈ പ്രസ്താവനകൾ അവന്റെ മൂന്നു കാലത്തെ നിഷ്പാപാവസ്ഥയെയും കാണിക്കുന്നു. മനുഷ്യാവതാരത്തിന്നുമുമ്പ് അവൻ പാപം അറിഞ്ഞിട്ടില്ല. മനുഷ്യനായി ഈ ലോകത്തിൽ സഞ്ചരിച്ചപ്പോൾ പാപം ചെയ്തിട്ടില്ല. ഇപ്പോഴും അവനിൽ പാപം ഇല്ല. ഈവിധം പൂർണ്ണമനുഷ്യനായി പാപരഹിതനായി വിശുദ്ധിയിൽ തികഞ്ഞവനായി രക്ഷിതാവിന്റെ യോഗ്യതകൾ ഉള്ളവനായി അവൻ ഇരിക്കുന്നു.

## II

## അത്ഭുതങ്ങൾ

ക്രിസ്തു ചെയ്തിട്ടുള്ള അത്ഭുതപ്രവൃത്തികൾ താൻ രക്ഷിതാവാകുന്നു എന്ന വസ്തുത തെളിയിക്കുന്നു. അത്ഭുതങ്ങളെക്കുറിച്ചു പല തെറ്റുധാരണകൾ മനുഷ്യർക്കുണ്ട്. മാജിക്കുകാരെപ്പോലെയും മറ്റും മനുഷ്യരെ ഭ്രമിപ്പിക്കുവാനും അതു കാണിക്കുന്നവരെ വലുതാക്കുവാനും താൽക്കാലിക കാര്യസാദ്ധ്യതകൾക്കായിട്ടും അല്ല ക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. തന്റെ ഓരോ അത്ഭുതങ്ങളും തന്റെ ആളത്വത്തെ വെളിപ്പെടുത്തുന്നു. ആത്മീയമായി വലിയ കാര്യങ്ങൾ ചെയ്യുവാൻ താൻ ശക്തൻ എന്നതിന്റെ തെളിവിന്നായിട്ടാണ് ബാഹ്യമായി ചില പ്രവൃത്തികൾ താൻ ചെയ്തത്. അഥവാ തന്റെ ചില ഉപദേശങ്ങൾക്കു സ്ഥാപക ന്യായങ്ങളായിട്ടാണ് താൻ അത്ഭുതങ്ങൾ പ്രവർത്തിച്ചത്.

അവൻ ജീവന്റെ അപ്പമാണെന്ന് യോഹ. 6-ൽ പഠിപ്പിച്ചു. അതു തെളിയിക്കുവാനായിട്ടാണ് അഞ്ചപ്പം കൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചത്. ഭൂമിയിൽ അവനു പാപങ്ങൾ മോചിക്കുവാൻ അധികാരമുണ്ടെന്നു തെളിയിക്കുവാനായിട്ടാണ് പക്ഷവാതക്കാരനോടു കിടക്ക എടുത്തു നടക്കുവാൻ പറഞ്ഞതെന്നു മത്താ. 9:6-ൽ വായിക്കുന്നു. അങ്ങനെ, അവന്റെ ഉപദേശങ്ങളും കഴിവുകളും അത്ഭുതങ്ങളുമായി സജീവമായി ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ആത്മീക നിലയിലുള്ള മനുഷ്യന്റെ ബലഹീനതയും നിസ്സഹായതയും മാറ്റുവാൻ തനിക്ക് കഴിവുണ്ടെന്നു വെളിപ്പെടുത്തുവാനാണ് അവൻ ബലഹീനരെയും മുടന്തരെയും കുരുടരെയും എല്ലാം താങ്ങിയത്. 'അവൻ പുനരുദ്ധാനവും ജീവനും ആകുന്നു' എന്നതു വെളിവാക്കുവാൻ മരിച്ച ലാസറിനെ ഉയിർപ്പിച്ചു. യോഹ. 11:25. അങ്ങനെ, മനുഷ്യന്റെ നാശാവസ്ഥയിൽ നിന്നു ശരീരത്തിന്ന് അമർത്യതയും അദ്രവത്വവും അണിയിയ്ക്കുന്നതുവരെയുള്ള സകല ഉദ്ധാരണത്തിനും അവൻ പ്രാപ്തനായിരിക്കുന്നു എന്നതിനെ തെളിയിക്കുവാനായിട്ടാണ് അവന്റെ അത്ഭുതപ്രവൃത്തികൾ നിൽക്കുന്നത്. അവയാലും അവൻ സാക്ഷാൽ രക്ഷിതാവ് എന്ന സത്യം വെളിപ്പെടുത്തിയിരിക്കുന്നു.

❖

# യേശുക്രിസ്തുവിന്റെ പുനരാഗമനം

ഡോ. അഡ്വ. മാത്യു വൈരമൺ MS, LLM,MDIV, ThD, PhD

എ.ഡി. ഒന്നാം നൂറ്റാണ്ടു മുതൽ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനുവേണ്ടി ശിഷ്യന്മാരും വിശ്വാസികളും വളരെ ജാഗ്രതയോടെ കാത്തിരുന്നു. ശിഷ്യന്മാരുടെ കാലഘട്ടത്തിൽ തന്നെ യേശുക്രിസ്തു വരുമെന്ന് അവർ വിശ്വസിച്ചിരുന്നു. അതിനു നിദാനമായി അവർ പഠിപ്പിച്ചിരുന്ന വാക്യം കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്തു ദൂതന്മാർ പറഞ്ഞ വാക്കുകളാണ്. "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും എന്ന് പറഞ്ഞു". അപ്പൊ.പ്രവൃ.1:11. യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത സമയത്ത് ശിഷ്യന്മാർ ആകാശത്തിലേക്ക് ഉറ്റുനോക്കി. ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. അപ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ ശിഷ്യന്മാരുടെ അടുക്കൽ വന്നു പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. അവർ ദൈവദൂതന്മാരായിരുന്നു. ദൂതന്മാർ വെള്ളവസ്ത്രധാരികളാണെന്നു ഈ വാക്യത്തിൽ നിന്നു മനസ്സിലാകും.

ശിഷ്യന്മാർക്കു ദൂതന്മാർ പറഞ്ഞ വാക്കുകളുടെ പൊരുൾ ശരിക്കും മനസ്സിലായില്ല. ദൂതന്മാർ ശിഷ്യന്മാരോടു പറഞ്ഞു: യേശുസ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരുമെന്ന്. അവരുടെ ജീവിതകാലത്തുതന്നേ വരുമെന്നു ദൂതന്മാർ ശിഷ്യന്മാരോടു പറഞ്ഞില്ല. യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടുംവരും എന്നാണ് ദൂതന്മാർ പറഞ്ഞത്. അതിന്റെ അർത്ഥം യേശുക്രിസ്തു വീണ്ടും വരും എന്നുള്ളതാണ്. എന്നാൽ ശിഷ്യന്മാർ യേശുക്രിസ്തു സ്വർഗ്ഗത്തിലേക്കു പോയത് അവർ കണ്ടതുപോലെ അവൻ വീണ്ടും വരുന്നതും കാണുവാൻ സാധിക്കുമെന്നു വിചാരിച്ചു. അതുപോലെ പത്രോസ് സ്വർഗ്ഗാരോഹണ സമയത്ത് കർത്താവിനോടു ചോദിച്ചു യോഹന്നാന് എന്ത് സംഭവിക്കുമെന്ന്. "യേശു അവനോട്: ഞാൻ വരുവോളം ഇവൻ ഇരിക്കണമെന്ന് എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അത് നിനക്ക് എന്ത്? നീ എന്നെ അനുഗമിക്കുക എന്നു പറഞ്ഞു". യോഹ. 21:22. ആകയാൽ ആ ശിഷ്യൻ മരിക്കുകയില്ല എന്നൊരു ശ്രുതി സഹോദരന്മാരുടെ ഇടയിൽ പരന്നു. യേശുവോ അവൻ മരിക്കുകയില്ല എന്നല്ല. ഞാൻ വരുവോളം ഇവൻ ഇരിക്കണം എന്ന് എനിക്ക് ഇഷ്ടമുണ്ടെങ്കിൽ അത് നിനക്ക് എന്ത് എന്നത്രേ അവനോട് പറഞ്ഞത്. പത്രോസിന്റെ ചോദ്യത്തിന് ഒരു മറുചോദ്യമാണ് യേശുക്രിസ്തു നല്കിയത്. യേശുക്രിസ്തുവിന്റെ വരവുവരെയും യോഹന്നാൻ ജീവിച്ചിരിക്കുമെന്ന് യേശു പറഞ്ഞില്ല. മുകളിൽ പറഞ്ഞ വാക്യങ്ങളുടെ ശരിക്കുമുള്ള അർത്ഥം പരിശുദ്ധാത്മാവു ലഭിച്ചതിനുശേഷവും ശിഷ്യന്മാർക്കു മനസ്സിലായില്ല. ദൈവാത്മാവു അത് അവർക്ക് വെളിപ്പെടുത്തി കൊടുത്തതുമില്ല. അതിന് ചില കാരണങ്ങളുമുണ്ട്. നൂറ്റാണ്ടുകൾ കഴിഞ്ഞാണ് യേശുക്രിസ്തു വരുന്നതെന്നു ശിഷ്യന്മാരോടു പറഞ്ഞിരുന്നെങ്കിൽ ശിഷ്യന്മാർ അവരുടെ പഴയ പണിയിലേക്കു പോകുമായിരുന്നു. കർത്താവിന്റെ ക്രൂശിലെ മരണത്തിനുശേഷം പത്രോസ് എന്താണ് ചെയ്തതെന്നു നമുക്ക് അറിയാം. "ശീമോൻ പത്രോസ് അവരോട്: ഞാൻ മീൻ പിടിക്കുവാൻ പോകുന്നു എന്ന് പറഞ്ഞു; ഞങ്ങളും പോരുന്നു എന്ന് അവർ പറഞ്ഞു"(യോഹ. 21:3). കർത്താവിന്റെ ക്രൂശീകരണത്തിനുശേഷം ശിഷ്യന്മാർ നാഥന്മാരില്ലാത്തവരായി ത്തീർന്നു. അവരുടെ ആത്മീയ ദൗത്യം അവർക്ക് മനസ്സിലാക്കുവാൻ സാധിച്ചില്ല. അതിനാൽ അവർ പഴയ പണിയിലേക്ക് പോയി. കർത്താവിന്റെ കൂടെ നടന്നു അത്ഭുതങ്ങൾ കാണുകയും കേൾക്കുകയും യേശു ദൈവത്തിന്റെ പുത്രനാണെന്നു വിശ്വസിക്കുകയും ചെയ്തവരാണ് ഈ കാര്യം ചെയ്തത്. പരിശുദ്ധാത്മാവു ശിഷ്യന്മാരിൽ ഇല്ലാതിരുന്നതുകൊണ്ട് അവർക്ക് എന്തു ചെയ്യണമെന്ന് വ്യക്തമല്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവു അവരിൽ പ്രവേശിച്ചപ്പോൾ ശിഷ്യന്മാർക്ക് അവരുടെ ദൗത്യം ബോദ്ധ്യപ്പെട്ടു. അങ്ങനെ അവർ യേശുക്രിസ്തുവിനുവേണ്ടി വളരെ ശക്തിയോടെ പ്രവർത്തിച്ചു. ദൈവം അവരോടുകൂടെ ഇരുന്ന് അവരുടെ പ്രവൃത്തികളെ സാദ്ധ്യമാക്കി കൊടുക്കുകയും ചെയ്തു.

# മുടിയിഴകൾ ഏഴകളാക്കിയ അനേകർ

Evangelist Dani Ezekiel, MA, M.Th.

നമ്മുടെ സുവിശേഷ ഘോഷണത്തിനും ശുശ്രൂഷയ്ക്കും ആദിയോടന്തം ആധാരമായിരിക്കേണ്ടത് ദൈവവും ദൈവത്തിലുള്ള ആശ്രയവും മാത്രമാണ്. "യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ" (യിരെ.17:7). ഈ വാക്യത്തിൽ വളരെ വ്യക്തമായി തന്നെ നമുക്ക് ദൈവത്തിൽ ആദിയോടന്തം വേണ്ടുന്ന ആശ്രയത്തെ മനസ്സിലാക്കാവുന്നതാണ്. ഈ കാര്യം ഇത്രയും തറപ്പിച്ചു പറയുവാനുള്ള കാരണം നാം പ്രബലർ ആകുമ്പോൾ യിസ്രായേലിലെ മിക്ക രാജാക്കന്മാരെ പോലെയും ദൈവത്തെ മറന്നുകളവാൻ സാധ്യതയുണ്ട്. പുതിയനിയമത്തിലെ വിശ്വാസികളും ഇത്തരം വ്യതിചലനങ്ങളുടെ അധികാരപരിധിയിലാണ് എന്ന് പൗലോസ് വ്യക്തമാക്കുന്നത് നോക്കുക: "ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽ നിന്നോ ആശുദ്ധിയിൽ നിന്നോ വ്യാജത്തോടെയോ വന്നതല്ല" (1 തെസ്സ. 2:3). ആയതിനാൽ നാം അപ്പപ്പോൾ തങ്ങളെതന്നേ നല്ലവണ്ണം ശോധനകഴിക്കേണ്ടത് ആവശ്യമാണ്. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നേ അറിയുന്നില്ലയോ? ഞങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു നിങ്ങൾ അറിയും എന്നു ഞാൻ ആശിക്കുന്നു" (2 കൊരി. 13:5,6) എന്നാൽ ആദിയോടന്തം ഉള്ള ദൈവാശ്രയത്തിലും സ്വയശോധനയിലും വിശ്വാസികൾക്കും വിശേഷാൽ ശുശ്രൂഷാ രംഗത്ത് മുന്നിൽ നിൽക്കുന്നവർക്കും പാളിച്ച സംഭവിക്കുന്നത് അപകടകരമാണ്; സമൂഹത്തിനും സ്വയത്തിനും.

## ശിംശോന്റെ പാളിച്ചകൾ

ശിംശോന്റേയും ഒരു ഉജ്ജ്വലമായ തുടക്കം ആയിരുന്നു എങ്കിലും ഇടയ്ക്ക് താൻ ദൈവത്തിലുള്ള ആശ്രയം വിട്ടുകളകയും തന്റെ മുടിയിൽ ശരണപ്പെടുകയും ചെയ്യുന്നു. ഈ മുടിയും നാസീർവ്രതവും എല്ലാം ദൈവം കൊടുത്തതാണെങ്കിലും ദാനത്തെ ദാതാവിനെക്കാളും മാനിച്ച് ദാനത്തെ ശിംശോൻ തന്റെ ആശ്രയമാക്കി മാറ്റി. അതിനാൽ താമസിയാതെ ശിംശോൻ ഒരു കൂത്തുകാഴ്ചയായി തീർന്നു. ഇത്തരത്തിൽ ഇന്നും പല ശുശ്രൂഷകരും വിശ്വാസികളും ദാതാവായ ദൈവത്തെക്കാൾ ദാനത്തിൽ ആശ്രയിക്കുന്നുണ്ട്. ചിലർ രഥങ്ങളിലും കുതിരകളിലും ആശ്രയിച്ചിരുന്നത് പോലെ ഇന്ന് ചില ശുശ്രൂഷകർ തങ്ങളുടെ പ്രസംഗത്തിലും ശുശ്രൂഷാമികവിലും ആശ്രയിക്കുന്നു. ചിലർ തങ്ങളുടെ വാചാലതയിലും മെയ്‌വഴക്കത്തിലും ആശ്രയിക്കുന്നു. തുടർന്ന് ഇവർ ഇതുമൂലം തങ്ങൾ സമാഹരിച്ച

---

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ ശിഷ്യന്മാരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് ഇല്ലായിരുന്നു. എന്നാൽ ഉയരത്തിൽ നിന്ന് ശക്തി ലഭിച്ചപ്പോൾ അവർ തികച്ചും വ്യത്യാസമുള്ള ശിഷ്യന്മാരായിത്തീർന്നു. "നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർക്കുവിൻ എന്നും അവരോടു പറഞ്ഞു". ലൂക്കൊസ് 24:49. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പരിശുദ്ധാത്മാവു പ്രവേശിച്ചപ്പോൾ അവർ വലിയ വിശ്വാസമുള്ളവരായിത്തീർന്നു. അവരുടെ ജീവൻ വിലയേറിയതായി അവർ പരിഗണിച്ചില്ല. ശിഷ്യന്മാരുടെ ജീവൻ ദൈവത്തിനുവേണ്ടി പാനീയ യാഗമായി അർപ്പിക്കുകയും ചെയ്തു. യോഹന്നാൻ അപ്പൊസ്തലൻ ഒഴിച്ചു മറ്റു ശിഷ്യന്മാരും അപ്പൊസ്തലനായ പൗലൊസും മറ്റും രക്തസാക്ഷികളായിത്തീർന്നു.

എല്ലാ കാലഘട്ടത്തിലും ഉള്ള വിശ്വാസികൾ അവരുടെ കാലഘട്ടത്തിൽ തന്നേ യേശുക്രിസ്തു വരുമെന്ന പ്രത്യാശയോടെ ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതു യേശുക്രിസ്തുവിലുള്ള വിശ്വാസവും ഭക്തിയും വിശ്വാസികളിൽ വർദ്ധിപ്പിക്കും. അല്ലെങ്കിൽ നൂറ്റാണ്ടുകൾ കഴിഞ്ഞുള്ള കാര്യത്തിനുവേണ്ടി വിശ്വാസികൾ തീഷ്ണതയോടെ കാത്തിരിക്കുകയില്ല. മനുഷ്യർ ബോധിച്ചതുപോലെ ജീവിച്ചതിനുശേഷം മരണസമയത്ത് രക്ഷിക്കപ്പെട്ടു രക്ഷപ്പെടുവാനും ചിലർ ശ്രമിക്കും. ❖

(തുടരും)

ധനത്തിലും സ്വത്ത് വകകളിലും പേരിലും പ്രശസ്തിയിലും ആശ്രയിക്കുന്നു. ഇവരെ കാണുന്ന വിശ്വാസികളാകട്ടെ ഇവരുടെ മാതൃകയാണ് യഥാർത്ഥ ആത്മീയ മാനദണ്ഡം എന്ന് വിചാരിച്ച് ഇതിലധികവും ദോഷം ചെയ്യുന്നു. കാരണം ആത്മീയവും ഭൗതികവും രണ്ടും കൈപിടിയിൽ ഒതുക്കാമല്ലോ എന്ന വ്യാമോഹമാണ് ഇവരെ നയിക്കുന്ന ചേതോവികാരം. ഇത്തരം പ്രവണതയ്ക്ക് എതിരെ ദൈവവചനം വളരെ ശക്തമായ ഒരു വാക് പ്രയോഗത്താലാണ് എതിർപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് - "വ്യഭിചാരം" എന്നാണത്. "വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു (യാക്കോ. 4:4). ഇത് തന്നെയല്ലേ ശിംശോന്റെ ജീവിതവും നമ്മോട് സംസാരിക്കുന്നത്?

## ജീവനുള്ള ദൈവത്തിൽ നിന്ന് ജീവനില്ലാത്ത മുടിയിലേയ്ക്കുള്ള ചുവടുമാറ്റം

ശിംശോൻ ന്യായാധിപതി എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ തന്നെ അന്യായങ്ങൾ ചെയ്യുകയും അന്യായബന്ധങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു (യെശ.58:6). അതിന്റെ തുടർച്ച എന്നോണം ദെലീലയുടെ അടുക്കൽ താൻ എത്തുകയാണ്. അവൾ ശിംശോന്റെ ശക്തിയുടെ രഹസ്യം മനസ്സിലാക്കുവാൻ നല്ല ഗവേഷണം നടത്തുകയാണ്. അവൾ മൂന്നുതവണ ശിംശോനോട് ശക്തിയുടെ ഉറവിടം ആരാഞ്ഞപ്പോഴെല്ലാം ശിംശോന്റെ ശ്രദ്ധ തന്റെ തലയിലെ ഏഴു ജഡകളിലായിരുന്നു എന്നത് വ്യക്തമാണ്. കാരണം ഒന്നാമതായി ശിംശോൻ പറഞ്ഞത്: "ശിംശോൻ അവളോട്: ഒരിക്കലും ഉണങ്ങാതെ പച്ചയായ ഏഴു ഞാണുകൊണ്ട് എന്നെ ബന്ധിച്ചാൽ എന്റെ ബലം ക്ഷയിച്ചു ഞാൻ ശേഷം മനുഷ്യരെപ്പോലെ ആകും എന്നു പറഞ്ഞു" (ന്യായ.16:7). ഈ ഉത്തരം തന്റെ തലയിലെ ഏഴു ജഡകളെ ശിംശോൻ അത്രകണ്ട് ആശ്രയിക്കുകയും മനസ്സിൽ വഹിക്കയും ചെയ്യുന്നു എന്നതിന് തെളിവാണ്. ഏഴു എന്ന് സംഖ്യ അല്ലാതെ ശക്തിയുടെ ഉറവിടത്തിൽ എത്താൻ ആകാത്തതിനാൽ അവൾ പരീക്ഷണം തുടർന്നുകൊണ്ടേയിരുന്നു. തുടർന്ന്, രണ്ടാമതായും ശിംശോന് മനസ്സു മുഴുവനും മുടിയിൽ തന്നെയാണ്. "അവൻ അവളോട് ഒരിക്കലും പെരുമാറീട്ടില്ലാത്ത പുതിയ കയർകൊണ്ട് എന്നെ ബന്ധിച്ചാൽ എന്റെ ബലം ക്ഷയിച്ചു ഞാൻ ശേഷം മനുഷ്യരെപ്പോലെ ആകും എന്നു പറഞ്ഞു" (ന്യായ. 16:11). ഇത് ശിംശോന്റെ ഒരിക്കലും ക്ഷൗരക്കത്തി തൊടുവിക്കാത്ത (ന്യായ. 13:5) തലയെ സൂചിപ്പിക്കുന്നു. മൂന്നാമതായി തലയിലെ ഏഴു ജടയിലാണ് തന്റെ ശക്തി എന്ന് പറയാതെ പറഞ്ഞുകൊടുക്കുന്ന ശിംശോനെ കാണാം. "അവൻ അവളോട്: എന്റെ തലയിലെ ഏഴു ജട നൂല്പാവിൽ ചേർത്തു നെയ്താൽ സാധിക്കും എന്നു പറഞ്ഞു (ന്യായ 16:13). ഇത്രയും ആയിട്ടും ദലീലയ്ക്ക് കാര്യം മനസ്സിലായില്ല എന്നത് ശിംശോന്റെ ഭാഗ്യമായി എണ്ണാമെങ്കിലും അതിന്റെ ആയുസ്സ് ശിംശോൻ തന്നെ കുറച്ചുകളഞ്ഞു. ഇതുപോലെയാണ് വിശ്വാസികളും പലപ്പോഴും പെരുമാറുന്നത്. പാപത്തെ നുകർന്ന് നുകർന്ന് ഏതു നിമിഷവും പിശാച് നമ്മെ വിഴുങ്ങാമെന്ന് വഴുവഴുപ്പിന്റെയും ഏതിൽ തട്ടി വീഴും എന്നും അറിയാത്ത ഘട്ടത്തിലായിപ്പോകുന്നു. പിന്നീട് ശിംശോൻ തന്റെ ഉള്ളം മുഴുവനും തുറന്നു കാട്ടി പിടികൊടുക്കുന്നത് കാണാം. സ്വന്തമായിട്ട് ചുരുളഴിച്ചിട്ടല്ലാതെ അഴിയാത്ത കടങ്കഥകളെ സ്വയം മെനഞ്ഞ് ശത്രുക്കളെ വട്ടം ചുറ്റിച്ചിരുന്ന ശിംശോൻ ഇപ്പോൾ സ്വയം ചുരുളഴിഞ്ഞ് അരങ്ങൊഴിയുകയായി. "ഇങ്ങനെ അവൾ അവനെ ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ചു അസഹ്യപ്പെടുത്തി; അവൻ മരിപ്പാന്തക്കവണ്ണം വ്യസന പരവശനായി തീർന്നിട്ടു തന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു: ക്ഷൌരക്കത്തി എന്റെ തലയിൽ തൊട്ടിട്ടില്ല, ഞാൻ അമ്മയുടെ ഗർഭം മുതൽ ദൈവത്തിനു വ്രതസ്ഥൻ ആകുന്നു; ക്ഷൌരം ചെയ്താൽ എന്റെ ബലം എന്നെ വിട്ടുപോകും; ഞാൻ ബലഹീനനായി ശേഷം മനുഷ്യരെപ്പോലെ ആകും എന്ന് അവളോടു പറഞ്ഞു"(ന്യായ.16:16,17).

ഇവിടെ ശിംശോൻ യഹോവയിൽ ആശ്രയിക്കാതെയും യഹോവയെ തന്നേ ആശ്രയമാക്കിക്കൊള്ളാതെയും സ്വന്ത മുടിയെയും മുടിയെത്തന്നേയും മാത്രം ആശ്രയമാക്കിയതിന്റെ പരിണിതഫലം കണ്ടുവല്ലോ.

യഥാർത്ഥത്തിൽ ശിംശോനെ ദലീലയോ ഫെലിസ്ത്യരോ അല്ല വഞ്ചിച്ചത്. പിന്നെയോ ശിംശോനെ ശിംശോൻ തന്നെ സ്വയം വഞ്ചിക്കുകയായിരുന്നു. എങ്ങനെയെന്നാൽ ദൈവമാണ് തന്റെ ശക്തിയുടെ യഥാർത്ഥ ഉറവിടം എന്നത് മറന്നുകൊണ്ട് തന്റെ മുടിയിഴകളിൽ ശിംശോൻ ആശ്രയിക്കുന്നു. "അവൾ ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറഞ്ഞു. ഉടനെ അവൻ ഉറക്കമുണർന്നു; യഹോവ തന്നെ വിട്ടു എന്നറിയാതെ ഞാൻ മുമ്പിലത്തെപ്പോലെ കുടഞ്ഞൊഴിഞ്ഞുകളയും എന്നു വിചാരിച്ചു" (ന്യായ. 16:20).

## അത്യൽപ്പത്തിൽ അവിശ്വസ്ത അധികമായ അപകടം

ശിംശോൻ മുടിയിലേയ്ക്ക് ആശ്രയിച്ചെത്തുന്നതിന് മുമ്പ് തന്നെ തന്റെ നാസീർവ്രത വ്യവസ്ഥയിലെ ചെറിയതും വലിയതുമായ പല വ്യവസ്ഥകളും തെറ്റിച്ചുവന്നിരുന്നു. അവന്റെ അവസാനത്തെ പിടിവള്ളിയായിരുന്നു തലമുടി എന്ന് മാത്രം. പക്ഷേ മറ്റെന്തൊക്കെ വിട്ടുകളഞ്ഞാലും തലമുടി താൻ വിട്ടുകൊടുക്കയില്ല എന്ന ഉദ്ദേശത്തെക്കാളും ഇനി വിട്ടുകൊടുക്കാൻ ഇതല്ലാതെ ഒന്നും ഇല്ലാത്തതിനാൽ തന്റെ തലമുടിയെ എന്തുവിലയും കൊടുത്ത് സംരക്ഷിക്കാൻ ശിംശോൻ ശ്രമിക്കയാണ്. ആദ്യമായി നാസീർവ്രത വ്യവസ്ഥയിലെ തന്നെ ശവത്താൽ അശുദ്ധനാകരുത് എന്നുള്ള വ്യവസ്ഥ സിംഹത്തിന്റെ ഉടലിന്റെ ഉള്ളിൽ നിന്ന് തേൻ എടുക്കവേ ലംഘിച്ചു. തുടർന്ന് തിമ്നയിലെ ഫെലിസ്ത്യ കന്യകയുടെ വീട്ടിൽ വിരുന്നു സൽക്കാരം നടത്തി. അതിനാൽ വീഞ്ഞുകുടിച്ചെന്ന് ന്യായമായി അനുമാനിക്കാം. മാത്രമല്ല, തിമ്നയിലെ ഫെലിസ്ത്യകന്യകയെ കൂടാതെ ഗസ്സയിലെ വേശ്യയും അവസാനം സോരേക്ക് താഴ്‌വരയിലെ ദെലീലയും എല്ലാം ശിംശോന്റെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. നാസീർ വ്രതസ്ഥന് വിവാഹം കഴിക്കാമെങ്കിലും അത്തരം ബന്ധത്തിലല്ല ശിംശോൻ ഏർപ്പെട്ടത്. അപ്പോഴെല്ലാം തന്റെ ശക്തിക്ക് കോട്ടം വന്നിരുന്നില്ല. അതിന്റെ കാരണം താൻ ഇതുവരെയും കാത്തുസൂക്ഷിച്ച മുടിയിഴകളാണെന്ന് ശിംശോൻ ചിന്തിച്ചുപോയി. ചില ശുശ്രൂഷകരെക്കുറിച്ച് മറ്റുള്ളവരും അവർ തന്നെയും ഇതേ അഭിപ്രായം രേഖപ്പെടുത്താറുണ്ട്. ഇങ്ങനെയൊക്കെ കേൾക്കുന്നെങ്കിലും എന്തൊരു പ്രസംഗം, എന്തൊരു പ്രഭാവം, എന്തൊരു ശുശ്രൂഷ, ഒരു കോട്ടവും വാട്ടവും ഇല്ലല്ലോ. അതിനാൽ ഈ കേൾക്കുന്നതൊന്നും ശരിയായിരിക്കയില്ല എന്ന അനുമാനത്തിൽ എല്ലാവരും എത്തിച്ചേരുകയും വാദികൾ പ്രതികളായും യഥാർത്ഥപ്രതി രക്ഷപ്പെടുകയും ചെയ്യും. ഇങ്ങനെ രക്ഷപ്പെടുന്നവർക്ക് തല്ക്കാലം ആശ്വസിക്കാം.

## ശിംശോൻ ദൈവിക കോടതിയിൽ

യഥാർത്ഥത്തിൽ ശിംശോൻ പല പ്രവൃത്തികൾ ചെയ്തിരുന്നെങ്കിലും അവൻ തന്റെ പ്രാപ്തിക്ക് ഒത്തവണ്ണം ചെയ്യുന്നില്ലായിരുന്നു. ഒരുതരം പകരത്തിന് പകരം ശുശ്രൂഷയാണ് ശിംശോൻ ചെയ്തിരുന്നത്. താൻ വരുത്തിവച്ച തെറ്റുകൾക്ക് പകരം ചെയ്യുക എന്നതല്ലാതെ പുതിയപ്രഹരം ശത്രുവിന് ഏല്പിക്കുവാൻ ഇത്ര ശക്തനായിട്ടും കഴിഞ്ഞില്ല. ഉദാഹരണത്തിന് തിമ്നയിലെ ഫെലിസ്ത്യ കന്യകയെ ഉപയോഗിച്ച് തന്റെ കടങ്കഥയുടെ കുരുക്ക് അഴിച്ചതിന് ആ മുപ്പത് തോഴന്മാർക്ക് മുപ്പത് അങ്കി കൊടുപ്പാനായി ശിംശോൻ അസ്കലോനിലെ മുപ്പത് പേരെ കൊന്ന് പകരം വീട്ടി. തുടർന്ന് തിമ്നയിലെ കന്യകയെ തന്റെ തോഴന് കൊടുത്തതിന് പകരമായി 300 കുറുക്കന്മാരെ ഈരണ്ടീരണ്ടായി കെട്ടി വാലിൽ പന്തവുമായി പാടങ്ങളിലും ഒലിവുതോട്ടങ്ങളിലും അയച്ച് അത് കത്തിച്ചു കളഞ്ഞു. തുടർന്നു ശിംശോൻ ഏതാംപാറയുടെ ഗഹ്വരത്തിൽ താമസിക്കുമ്പോൾ തന്നെ പിടിപ്പാൻ വന്ന ഫെലിസ്ത്യരിൽ ആയിരംപേരെ കഴുതയുടെ പച്ചതാടിയെല്ലുകൊണ്ടു കൊന്നു.

എന്നാൽ തുടർന്ന് പകരത്തിന് പകരം ചെയ്യുവാൻ പോലും ഉള്ള ഊർജ്ജം ശിംശോന് ലഭിച്ചിരുന്നില്ല. കാരണം ഗസ്സയിലെ വേശ്യയുടെ അടുക്കൽ ശിംശോൻ ഉണ്ടെന്നറിഞ്ഞ് ഗസ്സദേശക്കാർ അവനെ നേരംവെളുക്കുമ്പോൾ കൊന്നുകളയാം എന്ന ദൃഢനിർണ്ണയത്തോടെ വന്നിട്ടും ശിംശോൻ അവരെ കൊന്ന് പകരംവീട്ടാതെ പട്ടണവാതിലിന്റെ കതകും കട്ടളക്കാൽ രണ്ടു ഓടാമ്പലോടെ പറിച്ചെടുത്ത് കൊണ്ടുപോയതേയുള്ളൂ. ദലീലയുടെ വീട്ടിലാകട്ടെ തന്റെ ജീവനെടുപ്പാൻ തക്കം പാർത്ത് സ്ഥിരമായി ആ വീട്ടിലുണ്ടായിരുന്ന പതിയിരുപ്പാകാരെ ശിംശോൻ മൂന്ന് തവണയും വെറുതെ വിട്ടുകള

ഞ്ഞു. കാരണം, ഏതായാലും തന്റെ മുടി പോയില്ല ല്ലോ. മുടിയുടെ രഹസ്യം കൈയ്യിൽ ഉള്ളപ്പോൾ പേടിവേണ്ട എന്ന് ചിന്തിക്കയും അതിനെ കാത്തു സൂക്ഷിപ്പാൻ ശ്രമിക്കയും ചെയ്തു. തന്റെ അവസാന പ്രവൃത്തിയും ഒരു പകരത്തിന് പകരപ്രവൃത്തി എന്നതിലുപരിയായി ഉയർത്തുവാൻ ശിംശോനായില്ല. മാത്രമല്ല അത് തന്റെ മടങ്ങിവരവിനുള്ള വേദിയല്ല മരണവേദിയായി മാത്രമേ മാറിയുള്ളൂ. "അപ്പോൾ ശിംശോൻ യഹോവയോടു പ്രാർത്ഥിച്ചു: കർത്താവായ യഹോവേ, എന്നെ ഓർക്കേണമേ; ദൈവമേ ഞാൻ എന്റെ രണ്ടു കണ്ണിനും വേണ്ടി ഫെലിസ്ത്യരോടു പ്രതികാരം ചെയ്യേണ്ടതിന് ഈ ഒരു പ്രാവശ്യം മാത്രം എനിക്ക് ശക്തി നൽകേണമേ എന്ന് പറഞ്ഞു" (ന്യായ. 16:28)

## ദൈവത്തിന്റെ തോന്നിപ്പിക്കലുകൾ

ദൈവം ചില തോന്നലുകൾ നമ്മുടെ കൂടുതൽ നന്മയ്ക്കായും ചിലത് നമ്മുടെ പാപം കാരണം തിന്മയ്ക്കായും നല്കും. ഉദാഹരണത്തിന് നന്മയ്ക്കായുള്ളത് - "അതിന്റെ ശേഷം ശമുവേൽ രാജധർമ്മം ജനത്തെ പറഞ്ഞു കേൾപ്പിച്ചു. അതു ഒരു പുസ്തകത്തിൽ എഴുതി യഹോവയുടെ സന്നിധിയിൽ വെച്ചു. പിന്നെ ശമുവേൽ ജനത്തെയെല്ലാം വീട്ടിലേയ്ക്ക് പറഞ്ഞയച്ചു. ശൌലും ഗിബെയയിൽ തന്റെ വീട്ടിലേയ്ക്ക് പോയി; ദൈവം മനസ്സിൽ തോന്നിച്ച ഒരു ആൾക്കൂട്ടവും അവനോടു കൂടെ പോയി" (1 ശമുവേൽ 11:25,26). തിന്മയ്ക്കായുള്ളവ "യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു. നീ ചെന്നു യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്ക് വിരോധമായി ദാവീദിന് തോന്നിച്ചു" (2 ശമു. 24:1). ഇത്തരത്തിൽ ശിംശോനും തന്റെ തലയിലെ ഏഴു ജഡയിലും കടന്നാശ്രയിപ്പാൻ തോന്നി. അത് എന്ത് വിലയും നൽകി സംരക്ഷിപ്പാൻ അവൻ ശ്രമിച്ചു. എന്നാൽ ദൈവത്തെ മാത്രമാണ് ആശ്രയിക്കേണ്ടത് എന്ന് അവന് മനസ്സിലായില്ല.

ഇതുപോലെ പല വിശ്വാസികളും ശുശ്രൂഷകരും ചില തോന്നലുകളെ ആശ്രയിച്ച് ജീവിതം ചിട്ടപ്പെടുത്തിയിരിക്കയാണ്. ദൈവവിളിയും ദൈവകൃപയുമല്ല പിന്നയോ ധനമോ, സ്വന്ത പരിശ്രയമോ ഒക്കെയാണ് ക്രിസ്തീയ പ്രവർത്തനത്തിന് ആധാരം എന്നു കരുതി ചിലർ ആദ്യമേ ന്യായമായ ധനസമാഹരണശ്രമങ്ങൾക്ക് വിദേശ നാടുകളിലേയ്ക്കും ലാഭകരമായ വ്യാപാരങ്ങളിലേയ്ക്കും തിരികയും അതുപോലെ മറ്റു ചിലർ പ്രാപ്തിസമ്പാദനത്തിനായി ബൈബിൾ സ്ക്കൂളുകളിലേയ്ക്കും ടീം പ്രവർത്തനങ്ങൾക്കും എല്ലാം ആദ്യമേ ഇറങ്ങിത്തിരിക്കാറുണ്ട്. ഇതുകഴിഞ്ഞ് വന്ന് ശുശ്രൂഷയ്ക്കും വേലയ്ക്കും ഇറങ്ങുമ്പോൾ ആകട്ടെ തങ്ങൾ കഷ്ടപ്പെട്ട് സമാഹരിച്ച ധനത്തിന്റെ തുടർമാനത ശുശ്രൂഷയിലൂടെ നിലനിർത്തുവാനും പ്രവർത്തനത്തിൽ നിന്ന് ലഭിച്ച പ്രസംഗ-ശുശ്രൂഷമികവ് ഏത് വിധത്തിലും മെയ്‌വഴക്കത്തിലൂടെ നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. ഇവർ ഇത്തരം തോന്നലുകളാൽ ഭരിക്കപ്പെടുകയും ദൈവവഴിവിട്ട് ശിംശോനെപ്പോലെ ഒരുനാൾ തങ്ങൾ വിശ്വസിച്ച് ഏല്പിച്ച വസ്തുക്കളാലോ, വ്യക്തികളാലോ, ടീമുകളാലോ സഭകളാലോ ത്യജിക്കപ്പെടും എന്നത് തീർച്ചയാണ്. അതിനാൽ ശിംശോന് പറ്റിയ അമളി നമുക്ക് ഇനി സംഭവിക്കാതിരിപ്പാൻ ദാനത്തെ അല്ല ദാതാവിനെ പുണരാം. അതിനായി നാം ചെയ്യേണ്ടത് ഇതാണ്: "അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു. ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ടു പിടിച്ചടക്കി. നിങ്ങളുടെ അനുസരണം തികഞ്ഞുവരുമ്പോൾ എല്ലാ അനുസരണക്കേടിനും പ്രതികാരം ചെയ്‌വാൻ ഒരുങ്ങിയുമിരിക്കുന്നു" (2 കൊരി. 10:5,6). അതിനുമുകളിലെ വാക്യങ്ങളും വളരെ അർത്ഥവത്താകയാൽ ഇവിടെ ഉദ്ധരിക്കയാണ്. "ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ" (2 കൊരി. 10:3,4).

## പ്രശ്നപരിഹാരം അകലയാണോ?

പലപ്പോഴും നാം ഏറ്റവും സ്നേഹിക്കുന്നതിനെ വിട്ടുപിരിയാൻ മനസ്സിലാത്തതാണ് പ്രശ്നപരിഹാരത്തിന് തടസ്സമായിരിക്കുന്നത്. മാത്രമല്ല അത് വിട്ടുപിരിഞ്ഞാൽ പിന്നെ ഞാൻ ഇല്ല എന്ന ചിന്തയും ഉയർന്നേയ്ക്കാം. ഉദാഹരണത്തിന് പ്രസംഗമോ

പാട്ടോ ഇഷ്ടപ്പെടുന്ന ഒരാൾ അവയെ കേടുകൂടാതെ കാക്കുവാൻ സകലശ്രമവും നടത്തും. ആ വ്യക്തിയോട് പ്രസംഗിക്കേണ്ടാ എന്നോ പാടേണ്ട എന്നോ പറഞ്ഞാൽ അദ്ദേഹം കോപാക്രാന്തനായേക്കും. കാരണം അതൊക്കെയാണ് തന്നെ വിശേഷിപ്പിക്കുന്ന അഥവാ വിശേഷമാക്കുന്ന സവിശേഷതകൾ എന്ന് അവർ ധരിച്ചിരിക്കയാണ്. എന്നാൽ നമ്മെ വിശേഷിപ്പിക്കുന്നത് നാം ചെയ്യുവാൻ ആഗ്രഹിക്കുന്ന അല്ലെങ്കിൽ അറിയുന്ന ചില കാര്യങ്ങൾ അല്ല. പിന്നെയോ, നമ്മെ വിശേഷിപ്പിക്കുന്നത് സാക്ഷാൽ കർത്താവ് തമ്പുരാൻ ആണ്. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മുടെ ഉള്ളിലും നമ്മോടുകൂടെയും ഉള്ളതിലും നാം ഇച്ഛിക്കയും പ്രവർത്തിക്കയും ചെയ്യുന്നതിലും മുഴുവൻ നിയന്ത്രണവും മഹത്വവും കർത്താവിനാണ്. "നിന്നെ വിശേഷിപ്പിക്കുന്നത് ആർ? ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളു? ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്നപോലെ പ്രശംസിക്കുന്നത് എന്തു? (1കൊരി.4:7). "അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത്" (റോമർ 9:16).

എന്നാൽ ശിംശോൻ തന്റെ ജഡവികാരങ്ങളുടെ പിന്നാലെ വിരഞ്ഞോടുവാൻ തുടങ്ങിയപ്പോൾ തന്റെ സ്വാഭാവികമായ വിശുദ്ധിയും വ്യതവും എല്ലാം അടിയറവച്ചു. എങ്കിലും പാപത്തിൽ തുടരുമ്പോഴും ഒരു ദൈവിക പരിരക്ഷ എന്നപോലെ ഇനി തനിക്ക് എടുത്ത് കാട്ടുവാൻ തന്റെ നാസീർവ്രതമുള്ള തലമാത്രമായിരുന്നു ശരണം. അതിൽ ആരും കൈകടത്തുവാൻ ശിംശോൻ അനുവദിച്ചിരുന്നില്ല. അതാണ് തന്നെ നിലനിർത്തിക്കൊണ്ട് പോകുന്ന പരമരഹസ്യമായി അദ്ദേഹം ധരിച്ചുപോന്നു. ഇതുപോലെ രഹസ്യപാപങ്ങൾ ഉള്ള വിശ്വാസികൾ പരസ്യമായ ആത്മീയ പ്രകടനങ്ങളാൽ മറ്റുള്ളവരെ കബളിപ്പിക്കാറുണ്ട്. എന്നാൽ അവർ ഫലത്തിൽ സ്വയമായിട്ട് തന്നെ ചതിക്കുകയാണ്.

ശിംശോൻ ചെയ്യേണ്ടിയിരുന്നത് യഥാർത്ഥത്തിൽ താൻ അപ്പപ്പോൾ തന്റെ നാസീർവ്രതം ചെറിയ തോതിൽ പോലും ലംഘിച്ചപ്പോൾ തന്നേ മോശൈക ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നത് പോലെ തന്റെ തലയെ ക്ഷൗരം ചെയ്യിച്ച് തന്റെ നാസീർവ്രതം ആദ്യം മുതലേ തുടങ്ങേണ്ടിയിരുന്നു. അപ്പോൾ അവൻ ചെയ്ത തെറ്റുകൾക്ക് ദൈവത്തിന്റെയും ജനത്തിന്റെയും സ്വയത്തിന്റെയും മുമ്പിൽ നല്ല പ്രായശ്ചിത്തം ആകുമായിരുന്നു. ക്ഷൗരം ചെയ്ത തല കാണുമ്പോൾ ജനം അത് മനസ്സിലാക്കും. തന്റെ നാസീർ വ്രതത്തിന്റെ മുൻനാളുകൾ തള്ളിപ്പോയശേഷം നാസീർവ്രതം ആദ്യം മുതൽക്കേ തുടങ്ങുമ്പോൾ സ്വയത്തിനും പ്രതിശാന്തിയാകുമായിരുന്നു. ഈ വാക്യഭാഗം വിശദമായി ഒന്നു വീക്ഷിച്ചാലും:

"നാസീർവ്രതകാലത്തൊക്കെയും ക്ഷൌരക്കത്തി അവന്റെ തലയിൽ തൊടരുത്; യഹോവെയ്ക്ക് തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലം തികയുവോളം അവൻ വിശുദ്ധനായിരിക്കേണം: തലമുടി വളർത്തേണം. അവൻ യഹോവയ്ക്ക് തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലത്തൊക്കെയും ശവത്തിന്റെ അടുക്കൽ ചെല്ലരുത്; അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരിൽ ആരെങ്കിലും മരിക്കുമ്പോൾ അവരാൽ അവൻ തന്നെത്താൻ അശുദ്ധനാകരുത്; അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു; നാസീർവ്രതകാലത്തു ഒക്കെയും അവൻ യഹോവയ്ക്ക് വിശുദ്ധനാകുന്നു. അവന്റെ അടുക്കൽവെച്ച് വല്ലവനും പെട്ടെന്നു മരിക്കയും അവന്റെ നാസീർ വ്രതമുള്ള തലയെ അശുദ്ധമാക്കുകയും ചെയ്താൽ അവൻ തന്റെ ശുദ്ധീകരണ ദിവസത്തിൽ തലക്ഷൗരം ചെയ്യേണം. എട്ടാംദിവസം അവൻ രണ്ടു കുറുപ്രാവിനെയോ രണ്ടു പ്രാവിൻ കുഞ്ഞിനെയോ പുരോഹിതന്റെ അടുക്കൽ സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ കൊണ്ടുവരേണം. പുരോഹിതൻ ഒന്നിനെ പാപയാഗമായിട്ടും മറ്റേതിനെ ഹോമയാഗമായിട്ടും അർപ്പിച്ചു. ശവത്താൽ അവൻ പിഴെച്ചതുകൊണ്ട് അവനുവേണ്ടി പ്രായശ്ചിത്തം കഴിച്ചു അവന്റെ തല അന്നുതന്നേ ശുദ്ധീകരിക്കേണം. അവൻ വീണ്ടും തന്റെ നാസീർ വ്രതത്തിന്റെ കാലം യഹോവയ്ക്ക് വേർതിരിച്ചു ഒരു വയസ്സുപ്രായമുള്ള ഒരു ആട്ടിൻകുട്ടിയെ അകൃത്യയാഗമായി കൊണ്ടുവരേണം; അവന്റെ നാസീർവ്രതം അശുദ്ധമായിപ്പോയതുകൊണ്ട് മുമ്പിലത്തെ കാലം തള്ളിപ്പോകേണം" (സംഖ്യ. 6:5-12).

ജനിപ്പാനുള്ള ബാലനെക്കുറിച്ച് യഹോവയുടെ ദൂതൻ ശിംശോന്റെ അമ്മയോട് പറഞ്ഞപ്പോൾ തല യിൽ ക്ഷൗരക്കത്തി തൊടുവിക്കരുത് എന്നും ഗർഭം മുതൽ ദൈവത്തിന് നാസീർ ആയിരിക്കും (ന്യായ. 13:5) എന്ന് കല്പിച്ചിരുന്നു. എങ്കിലും നാസീർവ്രതം യാദൃശ്ചികമായിപോലും ലംഘിക്കപ്പെട്ടാൽ തലമുടി ക്ഷൗരം ചെയ്ത്, യാഗങ്ങൾ അർപ്പിച്ച് പ്രായശ്ചിത്തം വരുത്തി ആദ്യം മുതൽക്കേ തുടങ്ങണം ആയിരുന്നു. മാതാപിതാക്കളുടെ ശവത്താൽപോലും അശുദ്ധനാകാൻ പാടില്ലാത്ത നാസീർവ്രതസ്ഥനായ ശിംശോൻ സിംഹത്തിന്റെ ശവത്താൽ അശുദ്ധനായി. എന്നിട്ടും പ്രായശ്ചിത്തം വരുത്താതെ ഒന്നിനു പുറകെ ഒന്നായി ഒട്ടുമിക്ക അതിക്രമങ്ങളും ചെയ്തു. അവന്റെ ശക്തി അവനോടു കൂടെ ഉണ്ടായിരുന്നതിനാൽ തന്റെ തലമുടി കൈമോശം വരാതെ നോക്കുവാൻ മാത്രം ശ്രദ്ധിച്ച് പാപത്തിൽ തുടർന്നു. ഇവിധം ഒരു തോന്നലിന്റെ വലയത്തിൽ തുടരുവാൻ ദൈവം അവനെ അവന്റെ നാശത്തിനായി അനുവദിച്ചു. പല ശുശ്രൂഷകരും ശുശ്രൂഷയിൽ കത്തിജ്വലിച്ചു നിൽക്കുന്നത് ഇത്തരം തോന്നലുകളുടെ പിൻബലത്താലാണോ എന്ന് അപ്പപ്പോൾ സ്വയം ശോധന ചെയ്യേണ്ടതാണ്.

## വിചാരങ്ങളുടെയും തോന്നലുകളുടെയും നുകം തകരട്ടെ

യഹോവയാണ് നമ്മുടെ ശക്തി. അതിനാൽ അവനാണ് നമ്മെ വിശേഷിപ്പിക്കേണ്ടത്. അതല്ലാതെ നമ്മുടെ ചില കഴിവുകളോ, മികവുകളോ ഒന്നുമല്ല നമ്മുടെ സവിശേഷത. ശിംശോൻ ഇത് അറിയാൻ താമസിച്ചു പോയി. "പിന്നെ അവൾ : ശിംശോനേ ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറഞ്ഞു. ഉടനെ അവൻ ഉറക്കമുണർന്നു. യഹോവ തന്നെവിട്ടു എന്നറിയാതെ; ഞാൻ മുമ്പിലത്തെപ്പോലെ കുടഞ്ഞൊഴിഞ്ഞുകളയും എന്നു വിചാരിച്ചു"(ന്യായ. 16:20). ഉറക്കത്തിലായിരുന്ന ശിംശോൻ തന്റെ മുടി പോയത് അറിഞ്ഞില്ല. എന്നാൽ തന്നെ ഉറക്കത്തിലും കാക്കുന്ന ദൈവം ആണ് യഥാർത്ഥത്തിൽ തന്നെ വിട്ടുപോയത് എന്ന് ശിംശോൻ വർഷങ്ങളായി മനസ്സിലാക്കിയിരുന്നതേയില്ല. എന്നാൽ ബന്ധനസ്ഥനായപ്പോൾ ശിംശോൻ അത് മനസ്സിലാക്കിയപ്പോൾ ഫെലിസ്ത്യർ കുത്തിപ്പൊട്ടിച്ച കണ്ണിൽകൂടി കണ്ണുനീർ വാർത്തു പ്രാർത്ഥിക്കയും തുടർന്ന് അപ്പോൾ ദൈവം അവന് നൽകിയ ശക്തിയാൽ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ശത്രുസംഹാരം നടത്തുവാനും ഇടയായി. എന്നാൽ ആ ശത്രുക്കളുടെ ഇടയിൽ അവനും പ്രാണൻ നഷ്ടമായതിനാൽ തന്റെ വിജയം ആഘോഷിക്കാനായില്ല. നാസീർവ്രതകാലം തികയുമ്പോൾ വ്രതക്കാരൻ യഹോവയ്ക്ക് അകൃത്യയാഗം ഒഴികെ വഴിപാടായി ഹോമയാഗം, പാപയാഗം, സമാധാനയാഗം, ഭോജനയാഗവും പാനീയയാഗവും തുടങ്ങിയ മറ്റെല്ലാ യാഗങ്ങളും അർപ്പിക്കേണം. തന്റെ തലമുടി ക്ഷൗരം ചെയ്യിച്ച് സമാധാനയാഗത്തിൻ കീഴുള്ള തീയിൽ ഇട്ട് സകലവും സമാധാനമായി സമാപിക്കണം. "പിന്നെ വ്രതസ്ഥൻ സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ വെച്ച് തന്റെ വ്രതമുള്ള തല ക്ഷൌരം ചെയ്തു തന്റെ വ്രതമുള്ള തലമുടി എടുത്തു സമാധാനയാഗത്തിൻ കീഴെയുള്ള തീയിൽ ഇടേണം" (സംഖ്യാ.6:18). എന്നാൽ ശിംശോന്റെ തലമുടി അന്യർ ക്ഷൗരം ചെയ്കയും അവൻ അസമാധാനത്തിൽ മരിക്കാനും സ്വയം വിധിച്ചു.

## ഉപസംഹാരം

നമ്മെ വിശേഷിപ്പിക്കുന്നത് കർത്താവാണെന്നും അവനിലാണ് നാം ആദിയോടന്തം ആശ്രയിക്കേണ്ടത് എന്നും ശിംശോന്റെ പരാജയം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിൽ ആശ്രയിക്കാതെ പോയാൽ മറ്റു പല മിഥ്യാവിചാരങ്ങളിലും ആശ്രയിക്കേണ്ടി വരും; മുടിയിൽ വരെ. കാരണം കർത്താവിന്റെ ദൂതൻ ശിംശോന്റെ മാതാവിനോട് തന്റെ മകന്റെ ശക്തി മുടിയിലായിരിക്കും എന്ന് പറഞ്ഞിട്ടേയില്ല. അത് ശിംശോൻ തന്നെ ഉണ്ടാക്കിയെടുത്ത ഒരു മിഥ്യാധാരണയായിരുന്നു. യഥാർത്ഥത്തിൽ ദൈവം അവനെ വിട്ടുമാറിയപ്പോൾ ആണ് അവന്റെ ശക്തി ഇല്ലാതായത്. ശിംശോൻ ദൈവവഴി വിട്ട് നടക്കുവാൻ തുടങ്ങിയപ്പോൾ യാക്കോബിനെ തന്റെ ജ്യേഷ്ഠൻ നാനൂറ് ആളുമായി എതിരേൽപാൻ വരുന്നു എന്ന വാർത്തയാൽ ദൈവം ഭ്രമിപ്പിച്ചത് പോലെയും ശൗലിനെ ദുരാത്മാവിനാൽ ബാധിച്ചത് പോലെയും ശിംശോനെ ചില വിചാരങ്ങളാൽ വീഴിച്ചു. ആയതിനാൽ നമുക്ക് ദൈവവഴികളിലും ദൈവവിചാരങ്ങളിലും ദൈവവിചാരണയിലും ശരണപ്പെടാം. ❖

# സോരിനെ കുറിച്ചുള്ള പ്രവചനം

വൈ. സാംരാജ്

വേദപുസ്തകം പോലെ പ്രവചനങ്ങളാലും അവയുടെ കൃത്യമായ നിറവേറലുകളാലും നിറഞ്ഞ മറ്റൊരു മതഗ്രന്ഥവും ഇല്ല. വേദപുസ്തക പ്രവചനങ്ങളുടെ കൃത്യമായ നിറവേറലുകൾ അതിശക്തമായി വിളിച്ചു പറയുന്നത് വേദപുസ്തകം ദൈവത്തിന്റെ ഗ്രന്ഥം എന്നാണ്.

വേദപുസ്തകത്തിൽ അനേക വിഷയങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ ഉണ്ട്. ഈ പ്രവചനങ്ങളെ പൊതുവേ അഞ്ച് തലക്കെട്ടുകളായി വിഭജിച്ച് പഠിക്കാവുന്നതാണ്.

1. മശിഹാപ്രവചനങ്ങൾ
2. യെഹൂദ ജാതിയെയും അവരുടെ രാജ്യമായ പലസ്തീൻ നാടിനെയും കുറിച്ചുള്ള പ്രവചനങ്ങൾ - യെഹൂദിയ പ്രവചനങ്ങൾ
3. ലോകത്തിലെ ഇതര ജാതികളെയും അവരുടെ രാഷ്ട്രങ്ങളെയും കുറിച്ചുള്ള പ്രവചനങ്ങൾ - ജാതിയ പ്രവചനങ്ങൾ
4. ക്രൈസ്തവ സഭയെ കുറിച്ചുള്ള പ്രവചനങ്ങൾ.
5. പ്രപഞ്ചത്തിലെ വിവിധ കാര്യങ്ങളെ കുറിച്ചുള്ള- പ്രവചനങ്ങൾ - പ്രാപഞ്ചിക പ്രവചനങ്ങൾ.

ഈ ലക്കത്തിൽ നാം ചിന്തിക്കുന്നത് ജാതീയ പ്രവചനങ്ങളിൽ ഒന്നായ സോർ എന്ന മഹാനഗരത്തെ കുറിച്ചുള്ള ഒരു പ്രവചനമാണ് (യെഹസ്ക്കേൽ 26:2-14).

ബി.സി. ആറാം നൂറ്റാണ്ടിൽ സർവ്വ പ്രതാപൈശ്വര്യങ്ങളോടെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ നിന്ന ഒരു മഹാനഗരമായിരുന്നു സോർ. പലസ്തീൻ നാട്ടിലെ നസ്രേത്ത് പട്ടണത്തിന് 60 മൈൽ വടക്കുമാറി ഫൊയ്നീഷ്യയുടെ തീരത്തായി മെഡിറ്ററേനിയൻ കടലിന് കിഴക്ക് സമുദ്രത്തിനുള്ളിലേയ്ക്ക് തള്ളി നിന്നിരുന്ന സോർ പട്ടണം ബി.സി. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ ബി.സി. ആറാം നൂറ്റാണ്ടുവരെ ഒരു വലിയ സമുദ്രശക്തിയായിരുന്നു സോർ. (സോരിന്റെ മഹത്വത്തെയും പ്രതാപത്തെയും നാശത്തെയും കുറിച്ച് യെഹസ്ക്കിയേൽ പ്രവചനം 26, 27 അദ്ധ്യായങ്ങളിൽ പ്രവചിച്ചിരിക്കുന്ന ഭാഗങ്ങൾ വായിച്ചു നോക്കുക).

ആഫ്രിക്കയുടെ വടക്കും പടിഞ്ഞാറും തീരങ്ങളിലും, സ്പെയിനിലും ബ്രിട്ടണിലും 'സോർ' കോളനികൾ സ്ഥാപിച്ചിരുന്നു. വാണിജ്യകാര്യങ്ങളിൽ പൗരസ്ത്യ ലോകത്തെയും പാശ്ചാത്യലോകത്തെയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന തുറമുഖ പട്ടണമായിരുന്നു സോർ. 'ഉറപ്പുള്ള പട്ടണമായ സോർ' എന്ന് യോശുവ ഈ പട്ടണത്തെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു (യോശുവ. 19:29).

ഈ പട്ടണത്തെക്കുറിച്ച് തിരുവെഴുത്തുകളിൽ നാം ഇങ്ങനെ വായിക്കുന്നു: "തുറമുഖങ്ങളിൽ പാർക്കുന്നവളും ഏറിയ ദ്വീപുകളിലെ ജാതികളുടെ വ്യാപാരിയും ആയുള്ളോവേ, യഹോവയായ കർത്താവു ഇപ്രകാരം അരുളി ചെയ്യുന്നു: സോരേ ഞാൻ പൂർണ്ണ സുന്ദരിയാകുന്നു എന്നു നീ പറഞ്ഞിരിക്കുന്നു. നിന്റെ രാജ്യം സമുദ്രമദ്ധ്യേ ഇരിക്കുന്നു, നിന്നെ പണിതവർ നിന്റെ സൗന്ദര്യത്തെ പരിപൂർണ്ണമാക്കിയിരിക്കുന്നു (യെഹസ്ക്കിയേൽ 27:3-4).

ഈ മഹാനഗരത്തിന്റെ ന്യായവിധിയെകുറിച്ച് പ്രവാചകനായ യെഹസ്ക്കേൽ പ്രവചിച്ചിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക: "മനുഷ്യപുത്രാ യെരുശലേമിനെ കുറിച്ച് നന്നായി, ജാതികളുടെ വാതിലായിരുന്നവൾ തകർന്നുപോയി, അവൾ എങ്കലേയ്ക്ക് തിരിഞ്ഞിരിക്കുന്നു, അവൾ ശൂന്യമായി തീർന്നിരിക്കയാൽ ഞാൻ നിറയും എന്ന് സോർ പറയുന്നതുകൊണ്ട് യഹോവയായ കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു. <u>സോരേ ഞാൻ നിനക്ക് വിരോധമായിരിക്കുന്നു;</u> സമുദ്രം തന്റെ തിരമാലകളെ കയറിവരുമാക്കുന്നതു പോലെ ഞാൻ അനേകം ജാതികളെ നിന്റെ നേരെ പുറപ്പെട്ടുവരുമാറാക്കും. അവർ സോരിന്റെ മതിലുകളെ നശിപ്പിച്ചു. അതിന്റെ ഗോപുരങ്ങളെ ഇടിച്ചുകളയും; ഞാൻ അതിന്റെ പൊടി അടിച്ചുവാരിക്കളഞ്ഞു അതിനെ വെറും പാറയാക്കും. അതു സമുദ്രത്തിന്റെ നടുവിൽ വലവിരിക്കുന്നതിനുള്ള സ്ഥലമായി തീരും...... ഞാൻ വടക്കുനിന്നു രാജാധിരാജാവായ നെബുഖദ്നേസ്സർ എന്ന ബാബേൽ രാജാവിനെ കുതിരകളോടും രഥങ്ങളോടും കുതിരച്ചേവകരോടും ജനസമൂഹത്തോടും കൂടെ സോരിന്നു നേരെ വരുത്തും.

..... അവൻ നിന്റെ മതിലുകളുടെ നേരെ യന്ത്രമുട്ടികളെ വച്ച് കോടാലികൊണ്ട് നിന്റെ ഗോപുരങ്ങളെ തകർത്തുകളയും.... അവർ നിന്റെ സമ്പത്തു കവർന്നു നിന്റെ ചരക്ക് കൊള്ളയിട്ടു നിന്റെ മതിലുകളെ ഇടിച്ചു നിന്റെ മനോഹര ഭവനങ്ങളെ നശിപ്പിക്കും; നിന്റെ കല്ലും മരവും മണ്ണും എല്ലാം അവർ വെള്ളത്തിൽ ഇട്ടുകളയും.... ഞാൻ നിന്നെ വെറും പാറയാക്കും, നീ വലവിരിപ്പാനുള്ള സ്ഥലമായി തീരും; നിന്നെ ഇനി പണികയില്ല; യഹോവയായ ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്". (യെഹസ്ക്കേൽ 26:2-14).

സോരിന്റെ നാശത്തെ പ്രവചിച്ചതിന്റെ അടുത്ത വർഷം (ബി.സി. 585) ബാബേൽ രാജാവായ നെബുഖദ്നേസർ തന്റെ വലിയ സൈന്യവുമായി ചെന്ന് സോരിനെ ആക്രമിച്ച് 13 വർഷത്തെ നീണ്ട യുദ്ധത്തിനു ശേഷം സോർ പിടിക്കപ്പെട്ടു എന്ന് യെഹൂദാ ചരിത്രകാരനായ ജൊസീഫസ് രേഖപ്പെടുത്തി. അങ്ങനെ നെബുഖദ്നേസ്സർ അതിന്റെ വാതിലുകളെ യന്ത്രമുട്ടികളെവെച്ചു ഇടിച്ചു തകർത്തു (യെഹ. 26:9) ഗോപുരങ്ങളെയും എടുപ്പുകളെയും മനോഹര സൗധങ്ങളെയും തകർത്തു കളഞ്ഞു. അതിലെ ജനങ്ങളെ വാളിന്നു ഇരയാക്കി. അങ്ങനെ സോർ നിശ്ശേഷം നശിപ്പിക്കപ്പെട്ടു. അവശേഷിച്ച ജനങ്ങൾ പട്ടണസ്ഥാനത്തു നിന്ന് ഏകദേശം ഒരുമൈൽ പടിഞ്ഞാറ് സമുദ്രത്തിൽ ഉണ്ടായിരുന്ന ഒരു തുരുത്തിൽ താമസമുറപ്പിച്ചു.

പേർഷ്യൻ സാമ്രാജ്യകാലത്തും സോർ ആക്രമിക്കപ്പെട്ടു; കീഴ്പ്പെടുത്തപ്പെട്ടും യെരുശലേം ദൈവാലയത്തിന്റെ പുനരുദ്ധാരണത്തിന്ന് ആവശ്യമായ ദേവദാരുമരം നല്കുന്നതിന് കോരേശ് സോരിനോടു ആശ്യപ്പെട്ടു (എസ്രാ. 3:7)

ബി.സി. 332 ൽ ഗ്രീസ് സാമ്രാജ്യാധിപനായ അലക്സാണ്ടർ ചക്രവർത്തി ഏഷ്യാമൈനറിലേയ്ക്ക് പ്രവേശിച്ചു. പലസ്ഥലങ്ങളും കീഴടക്കിയശേഷം സോരിലേയ്ക്ക് തിരിഞ്ഞു. സോർ ജനങ്ങൾ പാർത്തിരുന്ന തുരുത്തിലേയ്ക്ക് ദൂതന്മാരെ അയച്ച് തനിക്കു കീഴടങ്ങിയിരിപ്പാൻ അലക്സാണ്ടർ ആജ്ഞാപിച്ചു. അവർക്ക് അതിന് മനസ്സായില്ല. അപ്പോൾ നെബുഖദ്നേസ്സറിന്റെ കാലത്തു ഇടിച്ചു നിരത്തപ്പെട്ട സോർ പട്ടണത്തിന്റെയും മതിലിന്റെയും അവശിഷ്ടങ്ങൾ കല്ല്, ഇഷ്ടിക, മൺകൂമ്പാരങ്ങൾ - മുഴുവൻ അടിച്ചു വാരി സമുദ്രത്തിൽ ഇട്ട് ഒരു മൈൽ നീളത്തിൽ ഒരു റോഡ് നിർമ്മിക്കാൻ അലക്സാണ്ടർ സൈന്യത്തിന് കല്പന കൊടുത്തു. അങ്ങനെ ഉണ്ടാക്കിയ റോഡിലൂടെ അലക്സാണ്ടറുടെ സൈന്യങ്ങൾ മാർച്ച് ചെയ്ത് ആ തുരുത്തിൽ ചെന്ന് അവിടെ അധിവാസം പാർപ്പിച്ചിരുന്ന സോർ നിവാസികളെ കീഴടക്കി. "ഞാൻ അതിന്റെ പൊടി അടിച്ചുവാരി കളഞ്ഞ് അതിനെ വെറും പാറയാക്കും" (യെഹ. 26:4) "നിന്റെ കല്ലും മരവും മണ്ണും എല്ലാം അവർ വെള്ളത്തിൽ ഇട്ടുകളയും" (യെശ.26:12) എന്നീ പ്രവചനങ്ങൾ വളരെ കൃത്യമായി നിറവേറി.

നൂറ്റാണ്ടുകൾ സോർ ഒരു 'വെറുംപാറയായി' കിടന്നു. സമീപപ്രദേശങ്ങളിൽ പാർക്കുന്ന ആളുകൾ മീൻ പിടിക്കുന്നതിനായി കടലിലേയ്ക്ക് വരുമ്പോൾ അവർ തങ്ങളുടെ വലകളെ ഉണങ്ങുവാൻ വിരിക്കുന്നത് ഈ പാറ പ്രദേശത്തായിരുന്നു. "അത് സമുദ്രത്തിന്റെ നടുവിൽ വലവിരിക്കുവാനുള്ള സ്ഥലമായി തീരും" (യെശ.26:5) ഇന്നും ഈ സ്ഥിതി വലിയ മാറ്റമില്ലാതെ തുടരുന്നു.

സോരിനെ കുറിച്ചുള്ള പ്രവചനത്തിന്റെ പ്രധാന ഭാഗങ്ങൾ നോക്കുക:

**1. സോരേ, ഞാൻ നിനക്കു വിരോധമായിരിക്കുന്നു. വാ.30**

ദൈവം ഒരു വ്യക്തിയ്ക്കോ ഒരു രാജ്യത്തിനോ എതിരായാൽ (വിരോധമായാൽ) എത്ര ഭയങ്കരം എന്ന് സോർ വെളിപ്പെടുത്തുന്നു. ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആർ? ദൈവം പ്രതികൂലം ആയാൽ അനുകൂലം ആർ? ഒരു മനുഷ്യന്റെ വഴികളോട് ദൈവം പ്രസാദിച്ചാൽ ദൈവം അവന്റെ ശത്രുക്കളേയും അവനോട് ഇണക്കും. ഇവിടെ ദൈവം സോരിന്റെ പേര് വിളിച്ച് അവനോട് എതിരായിരിക്കുന്നു എന്ന് പറയുകയാണ്. അത് ദൈവന്യായവിധിയുടെ നിശ്ചയത്വത്തെയും നിഷ്ക്കർഷതയെയും കുറിക്കുന്നു. ബഹുലമായ സുഹൃത്ത് സമ്പത്തും സൈന്യബലവും സമ്പത്തും കീർത്തിയുമുണ്ടായിരുന്ന സോർ (വലിയ സൈന്യശക്തിയായ ബാബിലോണുപോലും 13 കൊല്ലങ്ങൾ സോരിനോടു യുദ്ധം ചെയ്യേണ്ടിവന്നു എന്ന് ഓർക്കുക) കേവലം തകർന്നടിഞ്ഞുപോയി. അതുകൊണ്ട് ഭയപ്പെടുക. ദൈവം നമുക്ക് എതിരാകാതിരിപ്പാൻ ശ്രദ്ധിക്കാം.

**(2) സമുദ്ര തിരമാലകൾ കയറി വരുന്നതുപോലെ അനേക ജാതികളെ നിന്റെ നേരെ പുറപ്പെടുമാറാക്കും. വാ.:3.**

ഒന്നുമാറി ഒന്നുമാറി ലോക സാമ്രാജ്യങ്ങൾ സോരിനെ ആക്രമിച്ചു കീഴടക്കിക്കളഞ്ഞു. ആദ്യമായി ബാബേൽ സാമ്രാജ്യവും പിന്നീട് പേർഷ്യൻ സാമ്രാജ്യവും അതിനുശേഷം ഗ്രീസ് സാമ്രാജ്യവും സോരിനെ ആക്രമിച്ചു മുച്ചൂടും മുടിച്ചു കളഞ്ഞു. അതിന്റെ പ്രതാപത്തെ നിലത്തിട്ടു ചവുട്ടിക്കളഞ്ഞു. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന 4 ലോകസാമ്രാജ്യങ്ങളിൽ ആദ്യത്തെ മൂന്നു ലോകമഹാസാമ്രാജ്യങ്ങൾ സോരിനെ ആക്രമിച്ചു നശിപ്പിച്ചു. ദൈവം പ്രതികൂലമെങ്കിൽ ആർക്കും നമ്മെ സഹായിപ്പാൻ കഴികയില്ല.

**3. അതിന്റെ പൊടി അടിച്ചുവാരികളയും വാ: 4**

പൊടിപോലും ശേഷിക്കാതവണ്ണം തൂത്തുവാരിക്കളഞ്ഞു. നെബുഖദ്നേസർ നശിപ്പിച്ച സോരിന്റെ പട്ടണാവശിഷ്ടങ്ങളും, കല്ലും, മരവും മണ്ണും എന്തിന് പൊടി (പൂഴി) പോലും തൂത്തുവാരി വെള്ളത്തിൽ (സമുദ്രത്തിൽ) ഇട്ടു. നെബുഖദ്നേസറിന്റെ ആക്രമണം ഭയന്ന് ഒരു വലിയഭാഗം സോർ നിവാസികൾ മെഡിറ്ററേനിയൻ സമുദ്രത്തിൽ ഉള്ള ഒരു തുരുത്തിൽ പോയി താമസമുറപ്പിച്ചു. പിന്നീട് അലക്സാണ്ടർ ചക്രവർത്തി സോരിനെ ആക്രമിച്ചപ്പോൾ ഈ തുരുത്തിലെ സോർ നിവാസികളോടു കീഴടങ്ങുവാൻ ആജ്ഞാപിച്ചു. അവർ ചെവികൊണ്ടില്ല. അതുകൊണ്ട് ......... അലക്സാണ്ടർ ആ തുരുത്തിനെ ആക്രമിക്കാൻ ഒരു മൈലോളം നീളത്തിൽ റോഡു പണിയുവാൻ ആജ്ഞാപിച്ചു. സാക്ഷാൽ സോരിന്റെ അവശിഷ്ടങ്ങൾ കല്ലും മരത്തടികളും പൊടി (പൂഴി) പോലും സമുദ്രത്തിൽ ഇട്ട് ആണ് റോഡ് നിർമ്മാണം നടത്തിയത്, സോരിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച റോഡിലൂടെ അലക്സാണ്ടറുടെ അനേകം കുതിരകളും കാലാൾപ്പടയും ചവുട്ടി മെതിച്ചു കടന്നുപോയി. ദൈവം വിരോധിച്ചാൽ നിന്റെയും ഗതി ഇതുതന്നെ എന്നോർക്കുക.

**4. അതിനെ വെറുംപാറയാക്കും. വല വീശുന്നവരുടെ വല വിരിക്കുവാനുള്ള സ്ഥലമാകും (വാ.5,14)**

സോർ എന്ന മനോഹര പട്ടണം പണിയാൻ ഉപയോഗിച്ച സാധനങ്ങൾ തൂത്തുവാരി സമുദ്രത്തിൽ ഇട്ടപ്പോൾ കണ്ട പാറയുടെ മേൽ മത്സ്യത്തൊഴിലാളികൾ വലവിരിച്ചുണക്കിയിരുന്നു. വേറെ ഒരു കാര്യത്തിനും ഉപയുക്തമല്ലായിരുന്നു. കേവലം പാറ. മൽസ്യഗന്ധം വമിക്കുന്ന പാറ. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ" സങ്കീ.49:20. "ഉപ്പുകാരമില്ലാതെ പോയാൽ അതിന് എന്തൊന്നുകൊണ്ടു രസം വരുത്താം. പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല" (മത്താ. 5:13).

**5. നിന്നെ ഇനി പണികയില്ല (വാ.14)**

സോർ പിന്നീടൊരിക്കലും പൂർവ്വസ്ഥിതിയിലേയ്ക്കെത്തിയില്ല. അതിനെ ദൈവം പൊളിച്ചു കളഞ്ഞു. ദൈവം വിരോധമായിക്കഴിഞ്ഞാൽ ദൈവം പൊളിച്ചു കളഞ്ഞാൽ ആര് പണിയാൻ?

**എങ്കിലും കർത്താവ് കരുണയുള്ളവൻ**

കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലത്ത് കർത്താവ് സോർ സന്ദർശിച്ചു സുവിശേഷം അറിയിച്ചു. സുറോഫൊയ്നീക്യ ജാതിയിലുള്ള വിധവയായ ഒരു യവന സ്ത്രീയുടെ (പുറജാതിക്കാരി സ്ത്രീയുടെ) മകളെ ഭൂതോപദ്രവത്തിൽ നിന്നും വിടുവിച്ചു. (മത്താ. 15:21-28). ഏതു ഹീന പാപിയെയും രക്ഷിപ്പാൻ തക്കവണ്ണം കരുണയുള്ള മഹാദൈവം ആണ് കർത്താവായ യേശുക്രിസ്തു-മാനസ്സാന്തരപ്പെട്ട് കരഞ്ഞ് നിലവിളിച്ച് കർത്താവിനോട് പ്രാർത്ഥിക്കണമെന്നു മാത്രം. മഹാ കരുണയുള്ള ദൈവം ശിക്ഷിക്കുകയും മാനസ്സാന്തരപ്പെട്ടു പാപങ്ങളെ ഉപേക്ഷിക്കാൻ മനസ്സുള്ളവരെ രക്ഷിക്കുകയും ചെയ്യുന്നവനാണ്.

മാനസ്സാന്തരപ്പെട്ട് കർത്താവിങ്കലേക്ക് തിരിഞ്ഞ് രക്ഷയ്ക്കായി യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുവിൻ. അവൻ കരുണയും മഹാദയയും ഉള്ളവനാണ് - രക്ഷിപ്പാൻ വല്ലഭനും വീരനുമാണ്.

N.B. സോർ പട്ടണം യിസ്രായേലിന്റെ വടക്കുഭാഗത്തും മെഡിറ്ററേനിയൻ കടലിനടുത്തും സ്ഥിതി ചെയ്യുന്നു. എന്നാൽ സോദോം പട്ടണം യെരുശലേമിന് തെക്കു കിഴക്കായി ഉണ്ടായിരുന്ന പട്ടണമാണ് സോദോം. യഹോവയായ ദൈവം ഈ പട്ടണക്കാരുടെ അകൃത്യം ഹേതുവായി ആകാശത്ത് നിന്ന് തീയിറക്കി നശിപ്പിച്ചു കളഞ്ഞു (ഉല്പ. 19:24). സോദോമിനോട് ചേർന്നു കിടക്കുന്ന പട്ടണങ്ങളാണ് ഗൊമോര, അദമ, സെബോയീ എന്നീ പട്ടണങ്ങൾ (ആവ. 29:22). ഈ ഭാഗങ്ങൾ ചേർന്നതാണ് ഇപ്പോഴത്തെ ചാവുകടൽ പ്രദേശങ്ങൾ. ❖

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

## ഇത്യോപ്യയിൽ നിന്നും 2000 യഹൂദീം മെദീനാത് യിസ്റാഏലിലേക്ക് ഉടൻ കുടിയേറും

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് ദക്ഷിണ സുഡാൻ രാഷ്ട്രത്തിന് തെക്കു കിഴക്കായി യംസുഫ് (ചെങ്കടൽ) നോട് ചേർന്നു കിടക്കുന്ന ക്രൈസ്തവ - ഇസ്ലാമിക രാഷ്ട്രമാണ് കുഷ് (എത്യോപ്യ). തലസ്ഥാന നഗരിയായ ആഡിസ് അബാബയിലും ഗൊൺടാർ പ്രവിശ്യയിലും 13,000 യഹൂദീം അധിവസിക്കുന്നു. യഹൂദേയ് കുഷ് (ഇത്യോപ്യയിലെ യഹൂദീം) എന്നറിയപ്പെടുന്ന അവരുടെ ഇത്യോപ്യയിലെ ജീവിത സാഹചര്യം ദുരിതപൂർണമാണ്. നാട്ടുകാർ അവരെ 'വിദേശി' എന്നർത്ഥമുള്ള ഫലാഷാ എന്നു വിളിക്കുന്നു. ദാൻ ഗോത്രത്തിൽപ്പെട്ടവരാണ് യഹൂദേയ് കുഷ്.

പൊതുയുഗം 1991 ൽ ഇത്യോപ്യ ആഭ്യന്തരയുദ്ധത്തിന്റെ പിടിയിലായിരുന്നപ്പോൾ മെദീനാത് യിസ്റാഏൽ സർക്കാർ മിവ്റ്റ്സാ ഷ്ലോമോ (ശലമോൻ പദ്ധതി) നടപ്പാക്കി രണ്ടു ദിവസത്തിനകം 14,500 ഇത്യോപ്യൻ യഹൂദിമിനെ മെദീനാത് യിസ്റാഏലിലേക്ക് കൊണ്ടു വന്നു. യിസ്റാഏൽ നാടിനെ അവർ വാഗ്ദത്ത ഭൂമിയായി കാണുന്നു. പൊതുയുഗം 2015 ൽ ശേഷിച്ച ഇത്യോപ്യൻ യഹൂദീമിനെ മെദീനാത് യിസ്റാഏലിലെത്തിക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞവർഷം കോവിഡ് 19 നു മുമ്പ് 250 യഹൂദീം ഇത്യോപ്യയിൽ നിന്ന് മെദീനാത് യിസ്റാഏലിലേക്ക് കുടിയേറി. കുടിയേറ്റം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി മെദീനാത് യിസ്റാഏൽ അധികാരികൾ ഓൺലൈൻ അഭിമുഖം നടത്തുന്നു എന്ന് ഇത്യോപ്യൻ യഹൂദ സമൂഹത്തിനുവേണ്ടിയുള്ള പ്രോഗ്രാം ഡയറക്ടർ നിഗുസി അലേമു ഇയാസു പറഞ്ഞു. ഇതിനെ സംബന്ധിച്ച് മെദീനാത് യിസ്റാഏൽ പ്രധാനമന്ത്രി ബിന്യമീൻ നെതാന്യാഹു ഇത്യോപ്യൻ പ്രധാനമന്ത്രി അബീ അഹമ്മദുമായി റ്റെലഫോൺ സംഭാഷണം നടത്തി.

## യറൂഷാലായീം പട്ടണമദ്ധ്യത്തിൽ നിന്നും ആയിരം വർഷം പഴക്കമുള്ള നാല് സ്വർണ നിർമ്മിത ദീനാർ നാണയങ്ങൾ കണ്ടെടുത്തു

ഈർ ഹഅത്തീക്ക (പുരാതന നഗരി) എന്നറിയപ്പെടുന്ന യറൂഷാലായിം പട്ടണത്തിന്റെ മധ്യഭാഗവും കിഴക്കൻ യറൂഷാലായിം പ്രദേശങ്ങളും പൊതുയുഗം 1967 ജൂണിൽ മിൽഹേമേത് ഷെയ്ഷേത് ഹയ്യമീം (ആറു ദിവസത്തെ അറബ് - യിസ്റാഏൽ യുദ്ധം) നടന്നപ്പോഴാണ് മെദീനാത് യിസ്റാഏലിന്റെ അധീനതയിലായത് തുടർന്ന് ഈ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് ഏകീകൃത യറൂഷാലായീം യിസ്റാഏൽ രാഷ്ട്രത്തിന്റെ ശാശ്വത തലസ്ഥാനം എന്ന പ്രഖ്യാപനമുണ്ടായി.

യറൂഷാലായീം നഗരമദ്ധ്യത്തിൽ പുരാതന നഗരിയിൽ മോറിയാ മലമുകളിലെ ബെയ്ത് ഹമിഘ്ദാഷ് (പുണ്യ ഭവനം, യറൂശലേം ദേവാലയം) വളപ്പിന്റെ ഇന്നും ശേഷിക്കുന്ന ഹകൊതേൽ ഹമഅറാവി പശ്ചിമ മതിൽ) യഹൂദീം പുണ്യസ്ഥലമായി കരുതുന്നു. പശ്ചിമ മതിലിന് ബെയ്ത് കെനേസേത് (സിനഗാഗ്, യഹൂദ ആരാധനാലയം) പദവി ഉണ്ട്. ബെയ്ത് ഹമിഘ്ദാഷ് പൊതുയുഗം 70 ൽ റോമാ സാമ്രാജ്യ സേന അഗ്നിക്കിരയാക്കി.

പശ്ചിമ മതിലിനു സമീപം നടന്ന ഖനനത്തിൽ പൊതുയുഗം 940-970 പഴക്കമുള്ള നാല് സ്വർണ ദീനാർ നാണയങ്ങൾ വാവട്ടം കുറഞ്ഞ ചെറിയ മൺപാത്രത്തിനുള്ളിൽ സൂക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി എന്ന് യിസ്റാഏൽ വിദഗ്ദ്ധൻ റോബർട്ട് കൂൾ വെളിപ്പെടുത്തി പൊതുയുഗം 940-970 കാലത്ത് ബഗ്ദാദ് (ഇറാക്ക്) ആസ്ഥാനമാക്കി യറൂഷലായീം അടക്കി ഭരിച്ചിരുന്ന സുന്നി അബ്ബാസിദ് ഖലീഫക്ക് നിയന്ത്രണം നഷ്ടപ്പെടുകയും പ്രതിയോഗി വടക്കനാഫ്രിക്കയിലെ ഷിയാ ഫാത്തിമിദ് രാജവംശം യറൂഷലായിം കൈവശപ്പെടുത്തുകയും 12-ാം നൂറ്റാണ്ടുവരെ തുടരുകയും ചെയ്തു. അന്നത്തെ സമൂഹത്തിന് നാല് സ്വർണ ദീനാർ വലിയ തുകയായിരുന്നു. ഒരുസർക്കാർ ഉദ്യോഗസ്ഥന്റെ പ്രതിമാസ വേതനം ഈ തുകയായിരുന്നു.

## റമാത് ഹഗോലാൻ പ്രദേശത്ത് 3,000 വർഷം പഴക്കമുള്ള കോട്ട ശേഷിപ്പ്

വടക്കു കിഴക്കൻ യിസ്റ്റാഏലിൽ ഹകിന്നേറേത് (ഗലീലാ കടൽ) ശുദ്ധജല തടാകത്തിന് കിഴക്കായി കിടക്കുന്ന ഉയർന്ന പീഠഭൂമിയാണ് റമാത് ഹഗോലാൻ. ഇവിടെ ഹിസ്പിൻ യഹൂദ അധിവാസ കേന്ദ്രത്തിനു സമീപം മൂവായിരം വർഷം പഴക്കമുള്ള കോട്ടയുടെ ശേഷിപ്പുകൾ കണ്ടെത്തി. ഇത് ദ്ദവിദ് ഹമേലേഹ് (ദാവീദ് രാജാവ്) ന്റെ സഖ്യരാജ്യമായ ഗെഷുർ നിവാസികളുടേതായിരുന്നു. ആയിരം ചതുരശ്രമീറ്റർ (കാൽ ഏക്കർ) വിസ്തൃതിയുള്ള കുന്നിൻ മുകൾപരപ്പിലെ ഈ കോട്ട അഞ്ച് അടി ഘനമുള്ള ബസാർട്ട് ശിലകൾ കൊണ്ട് നിർമ്മിച്ചതാണ്. ഗലീല കടലിന് വടക്ക് ഗോലാൻ പീഠഭൂമിയിലെ ഹിസ്പിൻ യഹൂദ മേഖലയ്ക്ക് കിഴക്കാണ് ഗെഷുർ രാജ്യം നിലനിന്നിരുന്നത്. ഗെഷുർ രാജ്യവും ദ്ദവിദ് ഹമേലേഹ് കാലയളവിലെ യിസ്റാഏൽ രാജ്യവും സഖ്യത്തിലായിരുന്നു. ഇരു രാജവംശങ്ങൾക്കും കുടുംബബന്ധങ്ങളുമുണ്ടായി. ഈ കണ്ടെത്തലോടെ ഗോലാൻ പീഠഭൂമിയിലെ പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം ലഭിച്ചു കഴിഞ്ഞു. ഈ കണ്ടെത്തൽ ദ്ദവീദ് ഹമേലേഹ് കാലയളവിലെ യിസ്റാഏൽ രാജ്യത്തിന്റെ അതിരുകളെക്കുറിച്ച് കൂടുതൽ വിവരം നൽകും.

## മെദീനാത് യിസ്റാഏലിൽ ഇതുവരെ (15-11-2020) 2700 കോവിഡ് - 19 മരണം

കോവിഡ് - 19/വൂഹാൻ വൈറസ്/കൊറോണാ വൈറസ് വ്യാപനം മെദീനാത് യിസ്റാഏലിൽ നിയന്ത്രണാധീനമാകാതെ തുടരുന്നു. 2020 മാർച്ചിൽ ആരംഭിച്ച അടച്ചിടൽ ഇളവുകളോടെ തുടരുന്നു. ദേശവാസികൾ പൊതുസ്ഥലങ്ങളിൽ മസേക (മുഖാവരണം) ധരിക്കുന്നു. കഴിയുന്നതും ശാരീരിക അകലം പാലിക്കുന്നു. ഇടയ്ക്കിടെ അണുനാശിനി കൈകളിൽ പുരട്ടുന്നു. യിസ്റാഏൽ രാഷ്ട്രത്തിൽ അനേകായിരം നിവാസികൾ കോവിഡ്-19 ബാധിതരായി എന്നതാണ് ഔദ്യോഗിക കണക്ക്. 2700 പേർക്ക് ജീവഹാനി നേരിടേണ്ടി വന്നു, അവർക്ക് ഗുരുതരമായ മറ്റ് രോഗങ്ങൾ ഉണ്ടായിരുന്നു. റോഷ് മേമ്ഷേലേത് മെദീനാത് യിസ്റാഏൽ (യിസ്റാഏൽ പ്രധാനമന്ത്രി) ബിന്യമീൻ നെതാന്യാഹു നടത്തിയ പ്രഭാഷണത്തിൽ റഷ്യയുടെ കോവിഡ് വാക്സിനും അമേരിക്കയിലെ ഫൈസർ കമ്പനിയുടെ കോവിഡ് വാക്സിനും ഇറക്കുമതി ചെയ്യുമെന്നും എല്ലാ മെദീനാത് യിസ്റാഏൽ പൗരന്മാരും വാക്സിൻ സ്വീകരിക്കേണ്ടി വരുമെന്നും പറഞ്ഞു. കോവിഡ് -19 നിയന്ത്രണങ്ങൾ യിസ്റാഏലിൽ 750,000 പൗരൻമാരെ തൊഴിൽ രഹിതരാക്കി എന്നും കണക്കുകൾ പറയുന്നു. ഇത് ജനസംഖ്യയുടെ പത്തൊമ്പത് ശതമാനമാണ്.

യിസ്റാഏലിലെ അഞ്ച് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾ പാഠശാലകളിൽ തിരിച്ചെത്തി, വിദ്യാഭ്യാസം തുടരുന്നു. യിസ്റാഏൽ വികസിപ്പിച്ച കോവിഡ്-19 വാക്സിൻ മൃഗങ്ങളിൽ വിജയകരമായി പരീക്ഷിച്ചു, മനുഷ്യരിൽ പരീക്ഷിക്കാനൊരുങ്ങുന്നു. ഒന്നാംഘട്ടം പരീക്ഷണം വിജയകരമായാൽ രണ്ടാംഘട്ടത്തിൽ കൂടുതൽ സന്നദ്ധ പ്രവർത്തകരിൽ പരീക്ഷിക്കും. വാക്സിൻ ഫലപ്രദമെന്നു കണ്ടാൽ മാത്രമേ വിതരണത്തിനനുവാദം നൽകൂ.

## യൂറോപ്പിൽ ശേഷിക്കുന്നത് 13 ലക്ഷം യഹൂദീം മാത്രം

തുടർച്ചയായ യഹൂദ വിരോധവും ഭീകരാക്രമണങ്ങളും യൂറോപ്യൻ യഹൂദീമിനെ നാട് വിട്ടുപോകാൻ പ്രേരിപ്പിച്ചു. കൂടുതൽ പേരും വാഗ്ദത്ത നാടായ പശ്ചിമേഷ്യയിലെ മെദീനാത് യിസ്റാഏലിലേക്ക് കുടിയേറി. ഇനി യൂറോപ്പിൽ അവശേഷിക്കുന്നത് 13 ലക്ഷം യഹൂദീം മാത്രം. അവരിലനേകരും കുടിയേറ്റത്തിനൊരുങ്ങുകയാണ്. അതിനിടയിൽ ആസ്ട്രിയൻ തലസ്ഥാനമായ വിയന്നയിൽ യഹൂദ ആരാധനാലയത്തിനെതിരെ ഭീകരാക്രണം ഉണ്ടായതിനെ തുടർന്ന് യഹൂദ സ്ഥാപനങ്ങളെല്ലാം അടച്ചിട്ടു.

## റബ്ബി ജോനാതാൻ സാക്സ് ഷലോം ആയി

പൊതുയുഗം 1991 മുതൽ 2013 വരെ ആംഗല യഹൂദ സമൂഹത്തിന്റെ ഹറാവ് ഹറാഷി (മുഖ്യ റബ്ബി) ജോനാതാൻ സാക്സ് കാലയവനികക്കുള്ളിൽ മറഞ്ഞു. തോറാ (ദൈവീക നിയമം), തൽമുദ് (പഠനം = തോറാ വ്യാഖ്യാനം) പണ്ഡിതനായിരുന്നു. യിസ്റാഏൽ രാഷ്ട്രത്തിന്റെ അടുത്ത സഹകാരിയും മാനവികതയുടെ വക്താവുമായിരുന്നു. ഇവ്റീത് (എബ്രായ ഭാഷ) ഇംഗ്ലീഷ് ഭാഷകൾ വശമുണ്ടായിരുന്നു. പണ്ഡിതശ്രേഷ്ഠന്റെ നിര്യാണത്തിൽ യഹൂദീം ദുഃഖാചരണം നടത്തി.

❖

Registered with the Registrar of
Newspapers of India under No. 7748/64

# പ്രവചന പ്രദീപിക

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(ബുക്ക് പോസ്റ്റ് ചെലവുൾപ്പെടെ - ഇന്ത്യയിൽ)

| | | |
|---|---|---|
| ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ | വൈ. എസക്കിയേൽ | 3.50 |
| സഭാസത്യങ്ങൾ | ” ” | 75.00 |
| വെളിപ്പാട് പുസ്തക വ്യാഖ്യാനം | ” ” | 407.00 |
| ബൈബിൾ പ്രശ്നാവലി | ” ” | 105.00 |
| സഹസ്രാബ്ദ വാഴ്ചയും പുതിയ ഭൂമിയും | | 355.00 |
| ബൈബിൾ വ്യാഖ്യാന മാതൃക | ” ” | 85.00 |
| രക്ഷയുടെ ഭദ്രത | ” ” | 105.00 |
| ക്രിസ്തീയ ജീവിതം | ” ” | 8.00 |
| സാത്താനും പ്രവർത്തന പദ്ധതിയും | ” ” | 105.00 |
| **Thrones of God** | ” ” | 10.00 |
| അന്തിക്രിസ്തു | ” ” | 85.00 |
| ദൈവിക ന്യായസനങ്ങൾ | ” ” | 235.00 |
| പരിശുദ്ധാത്മാവ് | ” ” | 407.00 |

രജിസ്റ്റർ ചെയ്തയക്കണമെങ്കിൽ
രൂപ 22.00 കൂടെ അയയ്ക്കുക

പുസ്തകങ്ങൾ *V.P.P.* ആയി
അയയ്ക്കുന്നതല്ല.

Published by Y. Sam Raj and Printed at
Excellent Printers, Plavila

**PRINTED BOOK POST**

To

REGD. NEWS PAPER

if undelivered, please return to :
Aramada P.O., Tvm - 32
including the reason